13.10.2018. ശനിയാഴ്ച 62–ാം ശ്രാദ്ധാചരണത്തിന്റെ ഭാഗമായി വിവിധ ഇടവകകളിൽ നിന്നുള്ള പദയാത്രകൾ രാവിലെ പള്ളിയിൽ എത്തിച്ചേർന്നു. തൃശ്ശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോർജ് കോമ്പാറ അനുസ്മരണബലി, കബറിടത്തിൽ ഒപ്പീസ്, മദ്ധ്യസ്ഥപ്രാർത്ഥന, ഊട്ട് വെഞ്ചിരിപ്പ് എന്നിവയ്ക്ക് കാർമ്മികത്വം വഹിച്ചു. വചനസന്ദേശം നൽകിയത് റവ. ഡോ. പോൾ പുളിക്കൻ ആയിരുന്നു. ഊക്കനച്ചൻ ഏറ്റവും നല്ല ഇടയനായിരുന്നു. ആടുകൾക്കു വേണ്ടി ജീവൻ കൊടുക്കാൻ സന്നദ്ധനായ ഒരു നല്ല ഇടയൻ. സ്വന്തം സുഖസൗകര്യങ്ങളോ താൽപ്പര്യങ്ങളോ ഒന്നും നോക്കാതെ ദൈവജനത്തിനുവേണ്ടി ജീവിതം മുഴുവൻ ബലികഴിച്ചവനാണ് ഊക്കനച്ചൻ. ഊക്കനച്ചന്റെ ജീവിതത്തിലെ അനർഘനിമിഷങ്ങളെ പങ്കുവച്ചുകൊണ്ടും ഊക്കനച്ചനോട് കൂടുതൽ മാദ്ധ്യസ്ഥം തേടണമെന്ന് ഇടവകജനങ്ങളെ ഓർമ്മിപ്പിച്ചുകൊണ്ടും ബ.അച്ചൻ സന്ദേശം നൽകി. 62–ാം ശ്രാദ്ധാചരണത്തിന്റെ എല്ലാ ചിലവുകളും ചുരുക്കി, പ്രളയദുരിതം അനുഭവിച്ച ഏതാനും ഇടവകകളിലേയ്ക്ക് – ചൊവ്വന്നൂർ, ആലപ്പാട്, എടക്കുളം–ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്ത് ജനങ്ങളുടെ വേദനയിൽ പങ്കുചേർന്നു.

**ഫാ. പോൾ പുളിക്കൻ**
പോസ്റ്റുലേറ്റർ



# സാമ്പത്തിക കാര്യാലയം

**കൈക്കാരന്മാരുടേയും കണക്കെഴുത്തുക്കാരുടേയും യോഗ റിപ്പോർട്ട്**

തൃശ്ശൂർ അതിരൂപതയിലെ വിവിധ പള്ളികളിലെ കൈകാരന്മാരുടേയും കണക്കെഴുത്തുകാരുടെയും ഒരു സംയുക്തയോഗം 2018 നവംബർ 6ന് രാവിലെ 9.00ന് D.B.C.L.C ഓഡിറ്റോറിയത്തിൽ വെച്ച് കൂടുകയുണ്ടായി. ഏകദേശം 180 ഇടവകകളിൽ നിന്നും 500 അംഗങ്ങൾ ഈ യോഗത്തിൽ പങ്കെടുത്തു. റവ.ഫാ.ജോയി മൂക്കൻ സ്വാഗതം ആശംസിച്ചു. മോൺ. ജോജ്ജ് കോമ്പാറ അദ്ധ്യക്ഷത വഹിച്ച യോഗം അഭിവന്ദ്യപിതാവ് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. വിവിധ അംഗങ്ങളുടെ ചോദ്യങ്ങൾക്ക് പിതാവ് മറുപടി നൽകി. ശ്രീ. ടി.കെ. അന്തോണികുട്ടി ആമുഖ പ്രഭാഷണം നടത്തി. മാർ ടോണി നീലങ്കാവിൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. പള്ളികളും മതസ്ഥാപനങ്ങളും കണക്കുകൾ എഴുതുമ്പോൾ പാലിക്കേണ്ട Incom Tax, GST, TDS എന്നി നിയമങ്ങളെക്കുറിച്ച് Chartered Accountant മാരായ ശ്രീ. ജോസഫ് കാങ്കപ്പാടൻ, ശ്രീ. ഇ. ജെ. ജോമോൻ എന്നിവർ ക്ലാസ്സെടുത്തു. മോൺ. തോമസ് കാക്കശ്ശേരി പ്രസ്തുതയോഗത്തിൽ പങ്കെടുത്തു. ഫാ. ഡിറ്റോ കൂള സദസ്സിന് നന്ദി പ്രകാശിപ്പിച്ചു.

**സമ്മാനദാനം**

2017ലെ മിഷൻ ഞായർ, 2017, 2018 വർഷത്തെ ദുഃഖവെള്ളി എന്നീ പിരിവുകൾക്ക് സമ്മാനാർഹരായ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും അതിരൂപതയുടെ അവാർഡുദിനമായ 2018 നവംബർ 10 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവും, മാർ ടോണി നീലങ്കാവിൽ പിതാവും ചേർന്ന് ട്രോഫികൾ വിതരണം ചെയ്തു. സമ്മാനർഹരായ ഇടവകകൾക്കും സ്ഥാപനങ്ങൾക്കും അഭിനന്ദനങ്ങൾ നേരുന്നു. സഹകരിച്ച എല്ലാവർക്കും നന്ദി.

**തിരുത്ത്**

നവംബർ മാസത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ച പിരിവുകൾ താഴെ പറയുന്ന പ്രകാരം തിരുത്തി വായിക്കേണ്ടതാണ്. ക്രമ നമ്പർ 161 ൽ പേരാമംഗലം എന്നത് പാത്രമംഗലം എന്ന് തിരുത്തി വായിക്കുക.

| നമ്പർ | പേര് | ദുഃഖവെള്ളി 2017 | ദുഃഖവെള്ളി 2018 | പെസഹാവ്യാഴം 2017 | പെസഹാവ്യാഴം 2018 | മിഷൻ ഞായർ 2017 | സഭാദിനം | പ്രത്യേക പിരിവ് | ഞായർ പിരിവ് | ദുരിതാശ്വാസ ഫണ്ട് |
|---|---|---|---|---|---|---|---|---|---|---|
| 25. | ചെമ്പൂക്കാവ് | | 24861 | | 35270 | 17256 | 3370 | 4455 | 3240 | 20,000 |
| 36. | ചിറനെല്ലൂർ | | 8347 | | 17230 | 15761 | 710 | 1001 | 728 | |
| 42. | ചിയ്യാരം വിജയമാത | | 20946 | | 42490 | 39050 | 3618 | 8635 | 19625 | 86270 |
| 41. | ചിയ്യാരം (സേവനാലയം) | | | | | | | | | 15275 |
| 54. | ഏനാമ്മാവ് | | 29570 | | 100675 | 211503 | 6400 | 6380 | 14500 | |
| 57. | എരനെല്ലൂർ | | | | | | | | | 275928 |
| 60. | എരുമപ്പെട്ടി | | | | | | | | | 150000 |
| 62. | ഗുരുവായൂർ | | 18480 | | 35778 | 30327 | 4000 | 3938 | 5370 | 10000 |
| 72. | കണ്ണാറ | | 21470 | | 19966 | 8075 | 3250 | 4257 | 4644 | |
| 79. | കിള്ളിമംഗലം | | 5254 | | 9720 | 6490 | 950 | 1210 | 990 | |
| 83. | കോലഴി | | | | | | | | | 40000 |
| 89. | കോട്ടപ്പടി | | | | | | | | | 287002 |
| 97. | കുറുമാൽ | | | | | | | | | 31300 |
| 101. | മച്ചാട് | | 37805 | 20000 | 9260 | 51000 | 5000 | 6600 | 12000 | 30670 |
| 103. | മഡോണ നഗർ | | | | | | | | | 30760 |
| 109. | മങ്ങാട് | | 8591 | | 37306 | 7025 | 3100 | 4433 | 4836 | 120000 |
| 111. | മാന്ദാമംഗലം | | 6437 | | 5424 | 1000 | 800 | 1683 | 1377 | 10000 |
| 113. | മണ്ണുത്തി | | | | | | | | | 150000 |

| നമ്പർ | പേര് | ദുഃഖവെള്ളി 2017 | ദുഃഖവെള്ളി 2018 | പെസഹാവ്യാഴം 2017 | പെസഹാവ്യാഴം 2018 | മിഷൻ ഞായർ 2017 | സഭാദിനം | പ്രത്യേക പിരിവ് | ഞായർ പിരിവ് | ദുരിതാശ്വാസ ഫണ്ട് |
|---|---|---|---|---|---|---|---|---|---|---|
| 116. | മരിയാപുരം | | | | | | | | | 151690 |
| 118. | മറ്റം | | 13711 | | 86920 | | | | | 291267 |
| 136. | നെഹ്റു നഗർ | | | | | | | | | 289408 |
| 138. | നെല്ലിക്കുന്ന് | | | | | | | | | 165225 |
| 139. | നെന്മണിക്കര | | 7770 | | 6480 | 5745 | 1080 | 1540 | 1120 | |
| 143. | ഒല്ലൂർ | | | | | | | | | 226440 |
| 157. | പറപ്പൂർ | | | | | | | | | 117375 |
| 184. | പൊറത്തൂർ | | 3846 | 10000 | 10000 | 10000 | 1660 | 1925 | 2100 | 103095 |
| 187. | പുതുശ്ശേരി | 3100 | 10000 | | 38450 | 20000 | 1728 | 2178 | 2970 | |
| 193. | പുറനാട്ടുക്കര | | | | | | | | | 158824 |
| 208. | തയ്യൂർ | | 4000 | 3479 | 6800 | 19690 | 1600 | 2068 | 1692 | |
| 209. | തിരൂർ | | 75468 | | 203796 | 229905 | 11950 | 16115 | 58600 | |
| 230. | വരടിയം | | 17801 | | 19600 | 10897 | 4836 | 5324 | 5008 | |
| 238. | വെള്ളക്കാരിത്തടം | | 1990 | | 2000 | 1300 | 1210 | 1397 | 1143 | |
| 247. | വെട്ടുക്കാട് | | | | | | | | | 38200 |
| 250. | വിയ്യൂർ | | 15275 | | 50000 | 30000 | 2082 | 5423 | 12325 | |

**3. അതിരൂപത സഹായ ഫണ്ട്**

1.. വിവാഹം – 99000 2. ചികിത്സ – 33250

**4. സാമ്പത്തിക സഹായം ലഭിച്ച പള്ളികൾ**

1. പൊന്നാനി – 500000 2. അമല നഗർ – 200000

3. നിർമ്മലപുരം – 92342

**5. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം**

1. തൃശ്ശൂർ സെന്റ് ആൻസ് – 5000 2. വെങ്ങിണിശ്ശേരി – 5000

**6. കാരുണ്യാ ട്രസ്റ്റ്**

1. വിവാഹം – 20000 2. ഭവന നിർമ്മാണം – 20000

3. ചികിത്സ – 25000 4. വിദ്യാഭ്യാസം – 5000

**ഫാ. ഡിറ്റോ കൂള**
അസി. ഫൈനാൻസ് ഓഫീസർ

**ഫാ. ജോയ് മൂക്കൻ**
ഫൈനാൻസ് ഓഫീസർ

“ സഭയെപോലും
അനുസരിക്കുന്നില്ലെങ്കിൽ അവൻ
നിനക്കു വിജാതീയനെപ്പോലെയും
ചുങ്കക്കാരനെപ്പോലെയും
ആയിരിക്കട്ടെ. ”

മത്താ. 18:17




# വൈദികർ

## ജന്മദിനങ്ങൾ

ഫാ. ജോമോൻ പൊന്തേക്കൻ 02
ഫാ. അനീഷ് നെല്ലിക്കൽ 02
ഫാ. ജോയ് മൂക്കൻ 02
ഫാ. പ്രദീഷ് കല്ലറക്കൽ 03
ഫാ. ജോസഫ് മുരിങ്ങാത്തേരി 03
ഫാ. വർഗ്ഗീസ് പാലത്തിങ്കൽ 06
ഫാ. നൈസൻ ഏലന്താനത്ത് 07
ഫാ. റാഫേൽ ആക്കാമറ്റത്തിൽ 07
ഫാ. ലിറിൽ തളിയപറമ്പിൽ 08
ഫാ. ജോയ് കൂത്തൂർ 09
ഫാ. ഷാജു ചിറയത്ത് 10
ഫാ. ജെയ്സൻ ചിറ്റിലപ്പിള്ളി 12
ഫാ. സാജൻ മാറോക്കി 12
ഫാ. അജിത്ത് തച്ചോത്ത് 13
ഫാ. ഫ്രാൻസിസ് കൂത്തൂർ 13
ഫാ. ഷെൽറ്റൺ ചിറ്റിലപ്പിള്ളി 16
ഫാ. ലോറൻസ് തൈക്കാട്ടിൽ 16
ഫാ. നിബിൻ തളിയത്ത് 17
ഫാ. ജോസ് തെക്കേക്കര (ജൂനിയർ) 19
ഫാ. ബർണാർഡ് തട്ടിൽ 19
ഫാ. പ്രിന്റോ കുളങ്ങര 20
ഫാ. ജോൺ ചുങ്കത്ത് 20
ഫാ. ആൻസൺ നീലങ്കാവിൽ 21
ഫാ. ബെന്നി കൈപ്പുള്ളിപറമ്പൻ 22
ഫാ. ജോസഫ് അന്തിക്കാട്ട് 23
ഫാ. ജോയ് ചിറ്റിലപ്പിള്ളി (ജൂനിയർ) 23
ഫാ. ജസ്റ്റിൻ തടത്തിൽ 25
ഫാ. നവീൻ മുരിങ്ങാത്തേരി 25
ഫാ. ബെന്നി കിടങ്ങൻ 25
ഫാ. സിന്റോ പൊന്തേക്കൻ 26
ഫാ. ജോമോൻ മുരിങ്ങാത്തേരി 27
ഫാ. സിജോ കാട്ടൂക്കാരൻ 27
ഫാ. ജോയ് കൊള്ളന്നൂർ 29
ഫാ. ഡേവിസ് ചിറമ്മൽ (ജൂനിയർ) 30
ഫാ. ജോമോൻ ഇമ്മട്ടി 30
ഫാ. റോയ്സൺ കൊള്ളന്നൂർ 31
ഫാ. സ്റ്റിഷിൻ കുണ്ടുകുളം 31

## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ആലപ്പാട്ട് ഫ്രാൻസിസ് | 03 |
| ഫാ. അറക്കൽ ഫ്രാൻസിസ് | 03 |
| ഫാ. ചിരിയങ്കണ്ടത്ത് ഷിജോ | 03 |
| ഫാ. കരിപ്പേരി ഫ്രാൻസിസ് | 03 |
| ഫാ. കവലക്കാട്ട് ഫ്രാങ്കോ | 03 |
| ഫാ. കൂത്തൂർ ഫ്രാൻസിസ് | 03 |
| ഫാ. മഞ്ഞളി ഫ്രാൻസിസ് | 03 |
| ഫാ. മുണ്ടൻകുരിയൻ റെന്നി | 03 |
| ഫാ. പള്ളിക്കുന്നത്ത് ഫ്രാൻസിസ് | 03 |
| ഫാ. പാണാട്ടുപറമ്പിൽ ബാബു | 03 |
| ഫാ. പാണേങ്ങാടൻ സേവിയർ | 03 |
| ഫാ. പൂവ്വത്തിങ്കൽ പ്രിൻസ് | 03 |
| ഫാ. പുത്തിരി ഫ്രാങ്കോ | 03 |
| ഫാ. തലക്കോട്ടൂർ ഫ്രാൻസിസ് | 03 |
| ഫാ. തരകൻ ഫ്രാൻസിസ് | 03 |
| ഫാ. വാഴപ്പിള്ളി ട്വിങ്കിൾ | 03 |
| ഫാ. പൊറത്തൂർ നിക്കോളസ് | 06 |
| ഫാ. ആച്ചാണ്ടി ജോൺസൻ | 14 |
| ഫാ. തയ്യാലക്കൽ ഫ്ളെർജിൻ | 14 |
| ഫാ. താണിക്കൽ ലാസർ | 17 |
| ഫാ. ഐനിക്കൽ ജോൺസൻ | 27 |
| ഫാ. അരിമ്പൂർ ജോൺസൻ | 27 |
| ഫാ. ചുങ്കത്ത് ജോൺ | 27 |
| ഫാ. എടത്തിരുത്തി ജോജോ | 27 |
| ഫാ. കാഞ്ഞിരത്തിങ്കൽ ബൈജു | 27 |
| ഫാ. കിടങ്ങൻ ജോൺ | 27 |
| ഫാ. കുന്നപ്പിള്ളി ടെൻസ് | 27 |
| ഫാ. മൂലൻ ജോൺ | 27 |
| ഫാ. മുളക്കൽ ജോൺ | 27 |
| ഫാ. മുള്ളക്കര ടെറിൻ | 27 |
| ഫാ. പള്ളിപ്പുറത്തുക്കാരൻ ജിയോ | 27 |
| ഫാ. പാണേങ്ങാടൻ ജോൺ (ബിജു) | 27 |
| ഫാ. പുലിക്കോട്ടിൽ ജോൺസൻ | 27 |
| ഫാ. വള്ളൂപ്പാറ ജീജോ | 27 |
| ഫാ. വെള്ളറ ആൻസിൽ ജോൺ | 27 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. ഗീവർഗ്ഗീസ് മാമ്പിള്ളി | 31–12–1920 |
| മോൺ. പൊറിഞ്ചു ആലപ്പാട്ട് | 13–12–1924 |
| ഫാ. പൗലോസ് കൂന്തയിൽ | 13–12–1924 |
| ഫാ. തോമസ് അക്കരപ്പറ്റി | 19–12–1944 |
| ഫാ. പോൾ ചിറയത്ത് | 14–12–1953 |
| ഫാ. ജോസഫ് തോട്ടാൻ | 06–12–1965 |
| ഫാ. ഇഗ്നേഷ്യസ് ചിറയത്ത് | 23–12–1967 |
| ഫാ. അന്തപ്പൻ വലിയവീട്ടിൽ | 02–12–1971 |
| ഫാ. പോൾ ചിറ്റിലപ്പിള്ളി | 18–12–1973 |
| ഫാ. ജോർജ്ജ് ചൂണ്ടൽ | 19–12–1990 |
| ഫാ. ആന്റണി ജീസ് ചിറമ്മൽ | 21–12–1992 |
| മോൺ. മാത്യു മുരിങ്ങാത്തേരി | 17–12–1994 |
| ഫാ. ജോസഫ് ചുങ്കത്ത് | 28–12–2000 |
| ഫാ. ജോസഫ് വടക്കൻ | 28–12–2002 |



## ■ സന്യസ്തർ

**സി. ആർ. ഐ. വാർത്തകൾ –ഒക്ടോബർ 2018**

### എഫ്. സി. സി

ഒക്ടോബർ 6–ാം തീയതി നോവിസ് Patricia Mbinya Nthiwa യുടെ സഭാവസ്ത്രസ്വീകരണത്തിലും വ്രതവാഗ്ദാനച്ചടങ്ങിലും പ്രൊവിൻഷ്യൽ സുപ്പീരിയർ സി. റോസ് അനിതയും, സി. റെയ്ച്ചൽ ക്രിസ്റ്റോയും സംബന്ധിച്ചു. 13–ാം തീയതി മരത്താക്കര മേരി ഇമ്മാക്കുലേറ്റ് ഇടവകദേവാലയത്തിൽ വെച്ച് തൃശൂർ അതിരൂപതയുടെ സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ട ദിവ്യബലി മദ്ധ്യേ 6 നോവിസസ് പ്രഥമവ്രതവാഗ്ദാനം നടത്തി സഭാവസ്ത്രം സ്വീകരിച്ചു. സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള ഈ വർഷത്തെ ധ്യാനം ഒക്ടോബർ 17–ാം തീയതി മുതൽ 19–ാം തീയതി വരെ കുറുമാൽ ധ്യാനകേന്ദ്രത്തിൽ നടന്നു. എല്ലാ കത്തോലിക്കാവിദ്യാർത്ഥികളും ഈ ധ്യാനത്തിൽ സംബന്ധിച്ചു. 24ന് പെരുമ്പിള്ളിശ്ശേരിയിൽ പുതുക്കി പണിത സെന്റ് റോക്സ് എൽ.പി. സ്കൂളിന്റെ വെഞ്ചിരിപ്പ് കർമ്മം നടത്തി. മരത്താക്കര ബ്ലസഡ് സാക്രമെന്റ് മഠത്തിന്റെ പ്ലാറ്റിനം ജൂബിലിയും നോവിഷ്യേറ്റ് ആരംഭിച്ചതിന്റെ സുവർണ്ണജൂബിലിയും പോസ്റ്റുലൻസി ആരംഭിച്ചതിന്റെ സിൽവർ ജൂബിലിയും 27–ാം തീയതി ശനിയാഴ്ച സംയുക്തമായി ആഘോഷിച്ചു. ദിവ്യബലിയെത്തുടർന്ന് ബ. നോർബർട്ടമ്മയുടെ ജീവചരിത്രമായ "മരത്താക്കരയിലെ മരതകം" എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം അഭിവന്ദ്യ മാർ ടോണി പിതാവ് നിർവ്വഹിച്ചു.

### സി.എം.സി.

വി.കൊച്ചുത്രേസ്യായുടെ തിരുനാൾദിനമായ ഒക്ടോബർ 1ന് പറപ്പൂർ ഫോർമേഷൻ ഹൗസിൽ വച്ച് നടത്തിയ ഫോർമേഷൻ ഡേ ആഘോഷത്തിൽ പ്രൊവിൻഷ്യൽ ടീം പങ്കുകൊണ്ടു. പുതുക്കി പണിത ഒല്ലൂർ വിൻസെന്റ് ഡി

പോൾ കോൺവന്റിന്റെ ആശീർവാദകർമ്മം അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നിർവ്വഹിച്ചു. 17ന് വി.എവുപ്രാസ്യമ്മയുടെ 141–ാം ജന്മദിനത്തിൽ ഒല്ലൂർ പിൽഗ്രിം സെന്ററിൽ പുതുതായി നിർമ്മിച്ച വിശുദ്ധയുടെ ദൈവൈകൃത്തിന്റെ ഏതാനും നിമിഷങ്ങൾ ഒരു ഫിലിമായി അവതരിപ്പിക്കുന്ന, കൊക്കൂൺ ഓഫ് സ്പിരിച്ചൽ മെറ്റമോർഫസസ് എന്ന പ്രെയർ മ്യൂസിയത്തിന്റെ ആശീർവ്വാദം അഭിവന്ദ്യ മാർ ടോണി പിതാവ് നിർവ്വഹിച്ചു. വൈകീട്ട് കാട്ടൂർ വി. എവുപ്രാസ്യമ്മയുടെ ജന്മഗൃഹത്തിൽ നടന്ന ഭക്തിസാന്ദ്രമായ ദിവ്യബലിയിലും മറ്റ് തിരുകർമ്മങ്ങളിലും പ്രൊവിൻഷ്യൽ കൗൺസിലും ധാരാളം സിസ്റ്റേഴ്സും ഭക്തജനങ്ങളും പങ്കെടുത്തു. 26ന് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന ജാഗരണ പ്രാർത്ഥനക്ക് ഫാ. സെബി കവലക്കാട്ട് നേതൃത്വം വഹിച്ചു.

**സി.എച്ച്.എഫ്.**

27, 28, 29 തിയതികളിലായി മണ്ണുത്തി ജനറലേററിൽ വച്ച് നടത്തപ്പെട്ട ഫോർമേറേഴ്സ് മീററിങ്ങിൽ നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീരിയർയേഴ്സ് പങ്കെടുത്തു. 27ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റേയും സി. എച്ച്.എഫ്. നവജ്യോതി പ്രൊവിൻഷ്യലേററ് കപ്ലോൻ റവ. ഫാ. ഷാജു ഊക്കന്റേയും നവജ്യോതി പ്രൊവിൻസിലെ പത്ത് സിസ്റേറഴ്സിന്റേയും രജത ജൂബിലി പ്രൊവിൻഷ്യൽ ഹൗസിൽ സമുചിതമായി ആഘോഷിച്ചു.

**സി.എസ്.സി.**

കൂർക്കഞ്ചേരി മരിയ പ്രൊവിൻഷ്യൽ ഹൗസിൽ 19–ാം തിയ്യതി അസിസ്റ്റന്റ് മദർമാർ, ട്രഷറർമാർ എന്നിവർക്കായുള്ള ഏകദിന ക്ലാസ്സ് നടത്തി. ബഹു. സി സ്റ്റെല്ല റോസ് സി.എച്ച്.എഫ്, ശ്രീ. ജോസ് പോട്ടോക്കാരൻ എന്നിവർ ക്ലാസ്സ് നയിച്ചു.

**എസ്.എ.ബി.എസ്.**

കീഴ്പുള്ളിക്കര ഇടവകയിൽ 3 ദിവസം ഹോം മിഷൻ നടത്തി. സിസ്റ്റേഴ്സും പോസ്റ്റുലൻസും ഇതിൽ പങ്കെടുത്തു. 17–ന് എസ്.എ.ബി.എസ്. ചേറ്റുപുഴ പ്രൊവിൻഷ്യൽ ഹൗസിൽ Vocation Appreciation Day ആഘോഷിച്ചു. പരിശീലനത്തിന്റെ വിവിധ കാലഘട്ടങ്ങളിലായിരിക്കുന്ന എല്ലാ അർത്ഥിനികളും അവരുടെ ഡിറക്ടേഴ്സും ഇതിൽ സംബന്ധിച്ചു.

18–ാം തിയതി അദിലാബാദ് രൂപതാദ്ധ്യക്ഷൻ മാർ പ്രിൻസ് പാണേങ്ങാടൻ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ച് വിശുദ്ധ ബലിയർപ്പിച്ച് വചനസന്ദേശം നൽകി. 20ന് വേലൂപ്പാടം സാൻ ജോസ് ഹോസ്പിറ്റലിന്റെ പുതുക്കിപ്പണിത കെട്ടിടത്തിന്റെ വെഞ്ചിരിപ്പു കർമ്മം വേലൂപ്പാടം സെന്റ് ജേസഫ് ചർച്ച്

വികാരി ഫാ. പോൾസൺ തട്ടിൽ നിർവഹിച്ചു. 23-മുതൽ പോസ്റ്റുലൻസിന്റെ ഒരാഴ്ചത്തെ Exposure Programme ചെന്നായ്പാറ ആകാശപ്പറവകളോടൊപ്പം ചെലവഴിച്ചു. പതിനേഴാമത് ഗ്ലോബൽ എക്സലൻസ് അവാർഡ് 2018 ലെ മോസ്റ്റ് പ്രോമിസിംഗ് സ്കൂൾ അവാർഡ് കരസ്ഥമാക്കിയ എയ്യാൽ നിർമ്മല മാതാ സ്കൂൾ പ്രിൻസിപ്പൽ, സ്റ്റാഫ്, സ്റ്റുഡൻസ് എന്നിവർക്ക് പ്രത്യേകം അഭിനന്ദങ്ങൾ! ഡൽഹിയിൽ വച്ച് നടന്ന ചടങ്ങിൽ അസ്സാം ഗവർണർ പ്രഫ. ജഗദീഷ് മുഖിയിൽ നിന്ന് പ്രിൻസിപ്പൽ സി. ഷാൻമരിയ പാലേ്യക്കര, വൈസ് പ്രിൻസിപ്പൽ സി. ജിയോ തെരേസ് പനംകുളം എന്നിവർ അവാർഡ് ഏറ്റു വാങ്ങി

**സി.എസ്.എം.**

KCMS ന്റെ നേതൃത്വത്തിൽ ആലുവ നിവേദിതയിൽ നടന്ന മേജർ സുപ്പീരിയേഴ്സ് മീററിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ബഹു. സി. ബിയാട്രീസ് പങ്കെടുത്തു. 14മുതൽ ഫാ. ജോർജ്ജ് കാട്ടൂർ MCBS നയിച്ച വാർഷിക ധ്യാനത്തിന്റെ 2nd ബാച്ചിൽ മണ്ണംപേട്ട ജനറലേററിൽ 90 സിസ്ററേഴ്സ് പങ്കെടുത്തു.

**സി.എസ്.എസ്.**

ഇരിങ്ങാലക്കുട പുല്ലൂർ മിഷൻ ഹോസ്പിററലിന്റെ നവീകരിച്ച ലാബ് ബ്ളോക്കിന്റെ ഉദ്ഘാടന സമ്മേളനത്തിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സോഫിയ പങ്കെടുത്തു. സുവർണ്ണ-സിൽവർജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിനെ സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് ആദരിക്കുകയും അവർക്കായി പ്രത്യേക പ്രാർത്ഥന നടത്തുകയും ചെയ്തു. മണ്ണുത്തി ഹോളിസ്പിരിറ്റ് ജനറലേറ്റിൽ വെച്ച് അഭിവന്ദ്യ പോളി കണ്ണൂക്കാടൻ പിതാവ് ജൂബിലേറിയൻസിനായി കൃതജ്ഞതാബലി അർപ്പിച്ചു.

## ആദരാഞ്ജലികൾ



**എസ്.എ.ബി.എസ്.** പടവരാട് ശാന്തി ഭവൻ മഠാംഗമായ സി. മേരി കൊളേറ്റ് (83) 05.10.2018ന് രാവിലെ നിര്യാതയായി. മൃതശരീരം ഉച്ച കഴിഞ്ഞ് 3 മണിക്ക് തൃശൂർ അതിരൂപത അദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ മഠംവക സെമിത്തേരിയിൽ സംസ്ക്കരിച്ചു.

**സി. നമിത റോസ് സി.എം.സി**
സെക്രട്ടറി



# പാലയൂർ തീർഥകേന്ദ്രം

1. **ബൈബിൾ മാസാചരണം:**

   പാലയൂർ അതിരൂപത തീർത്ഥകേന്ദ്രത്തിൽ ബൈബിൾ മാസാചരണത്തിന്റെ ഔപചാരിക ഉദ്ഘാടനം, 2018 ഡിസംബർ 1–ാം തിയതി ശനിയാഴ്ച 3 മണിക്ക് ചേരുന്ന പൊതുസമ്മേളനത്തിൽ വച്ച്, അതിരൂപതാ ബൈബിൾ അപ്പസ്തോലേറ്റ് ഡയറക്ടർ ഫാ. ലിജോ ചിറിയങ്കണ്ടത്ത് നിർവ്വഹിക്കുന്നതാണ്. തീർത്ഥകേന്ദ്രം റെക്ടറും, ഫൊറോന വികാരിയുമായ ഫാ. ജോസ് പുന്നോലിപറമ്പിൽ അദ്ധ്യക്ഷത വഹിക്കും. വൈദികരുടേയും സമർപ്പിതരുടേയും അത്മായരുടേയും പ്രതിനിധികൾ ആശംസകൾ അർപ്പിക്കും. തുടർന്ന് എല്ലാ ദിവസവും വൈകീട്ട് 6 മണിമുതൽ ബൈബിൾ പാരായണവും ക്ലാസും, ബൈബിൾ അധിഷ്ഠിത കലാപരിപാടികളും ഉണ്ടായിരിക്കും.

2. **ബൈബിൾ സർട്ടിഫിക്കറ്റ് കോഴ്സ്**

   ബൈബിൾ പാരായണ മാസത്തിൽ, ഷോർട്ട് ടേം ബൈബിൾ സർട്ടിഫിക്കറ്റ് കോഴ്സ് ഇക്കൊല്ലവും നടത്തുന്നുണ്ട്. 01/12/2018 ശനിയാഴ്ച 3 മണിക്ക് ഉദ്ഘാടനം ചെയ്യുന്ന കോഴ്സിന്റെ കോഴ്സ് കോ–ഓർഡിനേറ്റർ ഫാ. ജെസ്റ്റിൻ തേക്കാനത്തും, കോഴ്സ് ഡയറക്ടർ ഫാ. ദിജോ ഒലക്കേങ്കിലും ആയിരിക്കും.



**a.** 1–ാം തിയതി മുതൽ 31–ാം തിയതി വരെ എല്ലാ ദിവസവും വൈകീട്ട് 6 മണിക്കാണ് ക്ലാസ്സ് (ഡിസം. 23, 24, 25 തിയതികളിൽ ക്ലാസ് ഉണ്ടായിരിക്കില്ല).

**b.** ബൈബിളിൽ പ്രാഗത്ഭ്യമുള്ള വൈദികരായിരിക്കും ക്ലാസ് നയിക്കുക.

**c.** വൈകീട്ട് 6 മണി മുതൽ 1 മണിക്കൂറാണ് ക്ലാസ് സമയം. ഏവരെയും സ്വാഗതം ചെയ്യുന്നു.

**d.** രജിസ്ട്രേഷൻ – ഒന്നാം തിയതിക്കു മുമ്പ് ഫോണിൽ വിളിച്ച് ബുക്ക് ചെയ്യാവുന്നതാണ്. ഫോൺ – 0487 – 2556418 / 2556978.

**e.** സർട്ടിഫിക്കറ്റ് വിതരണം വർഷാരംഭം – വർഷാവസാനം ആഘോഷപരിപാടിയോനുബന്ധിച്ച് ഡിസം. 31–ാം തിയതി വൈകീട്ട് നടത്തുന്നതാണ്.

**3. വിശ്വാസ കവാടത്തിന്റെ സ്ഥാപനവാർഷികം**

ദണ്ഡവിമോചനത്തോടു കൂടിയ വിശ്വാസ കവാടത്തിന്റെ സ്ഥാപനവാർഷികവും പാലയൂരിലെ മാർതോമശ്ലീഹായുടെ ആഗമനഅനുസ്മരണവും മുപ്പിട്ട് ഞായർ തിരുനാളും നവം.10,11 തിയതികളിൽ ആഘോഷിച്ചു. അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ മുഖ്യ കാർമികത്വം വഹിച്ചു. യോഗ്യതാപൂർവ്വം വിശ്വാസകവാടത്തിലൂടെ പ്രവേശിച്ച് അനേകം പേർ ദണ്ഡവിമോചനം പ്രാപിക്കുകയും മാർതോമാശ്ലീഹായുടെ മദ്ധ്യസ്ഥാനുഗ്രഹം നേടുകയും ചെയ്തു.

**4. മുപ്പിട്ടുഞായർ തിരുനാൾ 15,16 തിയതികളിൽ**

ഡിസം. 15ന് ശനിയാഴ്ച 5 മണിക്ക് ദണ്ഡവിമോചന നവീകരണശുശ്രൂഷയോടു കൂടി തിരുനാൾ ആരംഭിക്കും. തുടർന്ന് 16 –ാം തിയതി രാത്രി വരെ വിശ്വാസ കവാടത്തിലൂടെ യോഗ്യതാപൂർവ്വം പ്രവേശിച്ച് ദണ്ഡവിമോചനം പ്രാപിക്കാൻ സാധിക്കുന്നതാണ്. 16ന് രാവിലെ 6.30നും 10.30നും ഉച്ച കഴിഞ്ഞ് 3.30നും 5.30നും വിശുദ്ധ കുർബ്ബാനയും തിരുനാൾ കർമ്മങ്ങളും തിരുശേഷിപ്പു വണക്കവും നേർച്ചയും ഉണ്ടായിരിക്കും

**16ന് 3 മണിക്ക് തളിയക്കുളത്തിൽ ആഘോഷമായ മാമോദീസയും** (നേരത്തെ ബുക്ക് ചെയ്യേണ്ടതാണ്), **കൊച്ചുകുട്ടികളുടെ ആദ്യത്തെ ചോറൂണ്** 16–ാം തിയതി രാവിലെ 8.30നും (ബുക്കിങ്ങ് 12–ാം തിയതിക്കു മുമ്പ്) **വചന മണ്ഡപത്തിൽ വചന വായനയും** (തിരുകർമ്മങ്ങളുടെ സമയത്ത് ഒഴികെ) ഉണ്ടായിരിക്കും. ദണ്ഡവിമോചനം പ്രാപിക്കാൻ സൗകര്യപ്പെടുത്തുന്നതിനു വേണ്ടി, മുപ്പിട്ടു ഞായറാഴ്ചകളിൽ, ഉച്ച കഴിഞ്ഞ് 2.30 മുതൽ വിശ്വാസ കവാടത്തിനു മുമ്പിൽ കുമ്പ

സാര സൗകര്യവും ഏർപ്പാടാക്കുന്നുണ്ട്.

5. **മാർതോമ ചൊവ്വാഴ്ച ആചരണം**

ഡിസം. 4, 11, 18 തിയതികളിൽ മാർ തോമ ചൊവ്വാഴ്ച്ച ആചരണമുണ്ടായിരിക്കും. 9.45ന് ആരംഭിക്കും. വചന പ്രഘോഷണം, നൊവേന, സമർപ്പണം, മദ്ധ്യസ്ഥ പ്രാർത്ഥന, കുമ്പസാരം, കൗൺസിലിംഗ്, വിശുദ്ധകുർബ്ബാന, നേർച്ച ഭക്ഷണം, ആരാധന, ശിരസ്സിൽ കൈവെച്ച് ആശീർവാദം, സാക്ഷ്യങ്ങൾ എന്നിവയോടുകൂടി 3.15 ന് സമാപിക്കും.

6. **ദിവ്യബലി അർപ്പിക്കൽ**

തീർത്ഥാടകരായോ തീർത്ഥാടകരോടുകൂടിയോ തീർത്ഥകേന്ദ്രത്തിലേക്ക് വരുന്ന വൈദികർക്ക് തീർത്ഥകേന്ദ്രത്തിൽ ദിവ്യബലി അർപ്പിക്കാൻ (3 റീത്തിലും) സാധിക്കും. മുൻകൂട്ടി അറിയിക്കുന്നത് നല്ലതാണ്. ഫോൺ – 0487 2556978, 2556418

7. **തീർത്ഥകേന്ദ്രത്തിൽ ഹോളി നൈറ്റ് സംഗമം 24ന് രാത്രി 8 മണിക്ക്**

ക്രിസ്തീയ – ബൈബിൾ – കലാരൂപങ്ങൾ അവതരിപ്പിക്കാൻ ആഗ്രഹിക്കുന്നവർ സ്ക്രിപ്റ്റ് സഹിതം ഡിസം.15നു മുമ്പ് ബന്ധപ്പെടുക.

8. **നവവൈദികർക്ക് സ്വീകരണം**

അതിരൂപതയിലെ നവ വൈദികർക്ക് അതിരൂപതാതീർത്ഥകേന്ദ്രത്തിൽ 2019 ജനുവരി 5ന് സ്വീകരണം നൽകുന്നു.

**ഫാ. ജോസ് പുന്നോലിപ്പറമ്പിൽ**
റെക്ടർ

# മതബോധനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ ഏറ്റം പ്രിയ കുട്ടികളേ,

വീണ്ടും ഒരു ക്രിസ്തുമസ് വന്നുചേർന്നിരിക്കുന്നു. ക്രിസ്തുമസ് എന്നു പറഞ്ഞാൽ എല്ലാവർക്കും സന്തോഷമാണ്. ദൈവപുത്രനായ യേശു മനുഷ്യനായി അവതരിച്ച സുദിനം, മനുഷ്യകുലത്തിന്റെ രക്ഷ യുടെ വാഗ്ദാനം നിറവേറിയ ദിവസം. ക്രിസ്തുമസ്സിന്റെ സന്തോഷത്തിന്റെ കാരണങ്ങൾ അങ്ങനെ നീളുകയാണ്. യഥാ ർത്ഥത്തിൽ എന്താണ് ക്രിസതുമസ് എന്ന് ചിന്തിക്കുന്നത് നല്ലതാണ്.

പാപം ചെയത് സ്വർഗ്ഗം നഷ്ടമായ ആദ്യമാതാപിതാക്കളുടെ കഥ നിങ്ങൾക്കറിയാമല്ലോ? സകല സൗഭാഗ്യങ്ങളുടെ നടുവിലായിരുന്നു ദൈവം മനുഷ്യരെ സൃഷ്ടിച്ചത്. എല്ലാത്തിന്റെയും കിരീടമായി ദൈവം അവരെ സൃഷ്ടിച്ചു എന്നാണ് തിരുവചനം. 'ദൈവത്തിന്റെ ഛായയിൽ അവിടുന്നു അവനെ സൃഷ്ടിച്ചു സ്ത്രീയും പുരുഷനുമായി അവരെ സൃഷ്ടിച്ചു'. ദൈവം അവരെ ഇങ്ങനെ അനുഗ്രഹിച്ചു: സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. ഭൂമിയിൽ നിറഞ്ഞ് അതിനെ കീഴടക്കുവിൻ. കടലിലെ മത്സ്യങ്ങളുടെയും ആകാശത്തിലെ പറവകളുടെയും ഭൂമിയിൽ ചരിക്കുന്ന സകല ജീവികളുടെയും മേൽ നിങ്ങൾക്ക് ആധിപത്യം ഉണ്ടായിരിക്കട്ടെ' (ഉത്പ 1:27-28). എന്നാൽ ദൈവം നൽകിയ ഈ വലിയ മഹത്വം വിലക്കെടുക്കാതെ ആദിമാതാ പിതാക്കൾ തങ്ങൾ ദൈവത്തെക്കാളും വലിയവരാണ് എന്ന് ഭാവിച്ചു. ദൈവത്തെപ്പോലെയാകും എന്ന സാത്താന്റെ നുണയിൽ ദൈവം തിന്ന രുത് എന്ന് കൽപിച്ച പഴം അവർ പറിച്ചു തിന്നു. ദൈവത്തോട് അവർ അനുസരണക്കേട് കാണിച്ചു. തങ്ങളെ സൃഷ്ടിച്ച് സകല ദൈവാനുഗ്ര ഹങ്ങളും സൗഭാഗ്യങ്ങളും നൽകിയ ദൈവത്തെക്കാൾ ഒരു നിമിഷം

അവർ നുണയനും നുണയുരുടെ പിതാവായ പിശാചിനെ (യോഹ 8:4) വിശ്വസിച്ചു. അങ്ങനെ അവർ പിശാചിനാൽ വഞ്ചിക്കപ്പെട്ട സംഭവം നിങ്ങൾക്കറിയാമല്ലോ?

പാപം നമ്മെ ദൈവത്തിൽ നിന്ന് ദൂരെയകറ്റും. പാപം ചെയ്ത ആദത്തിനും ഹവ്വായ്ക്കും നന്മമാത്രമായ ദൈവത്തിന്റെ പൂന്തോട്ടത്തിൽ (ഏദൻത്തോട്ടം) പിന്നീട് നിൽക്കാൻ സാധിക്കാതെയായി. സ്നേഹമുള്ള കുട്ടികളേ, നിങ്ങൾ ശ്രദ്ധിച്ചോ? പാപം ചെയ്തപ്പോൾ നന്മ മാത്രമായ ദൈവത്തിന്റെ പക്കലേക്ക് ചെല്ലുവാൻ അവർക്ക് സാധിച്ചില്ല. ഈ തിരുവചനം നോക്കൂ,

'വെയിലാറിയപ്പോൾ ദൈവമായ കർത്താവ് തോട്ടത്തിൽ ഉലാത്തുന്നതിന്റെ ശബ്ദം അവർ കേട്ടു. പുരുഷനും സ്ത്രീയും അവന്റെ മുൻപിൽ നിന്ന് മാറി, തോട്ടത്തിന്റെ മരങ്ങൾക്കിടയിൽ ഒളിച്ചു...അവൻ ദൈവത്തോട് മറുപടി പറഞ്ഞു, ഞാൻ നഗ്നനായതുകൊണ്ട് ഭയന്ന് ഒളിച്ചതാണ്' (ഉത്പ 3:8–10). പാപം ഇങ്ങനെയാണ്, അത് നമ്മെ ദൈവത്തിൽ നിന്നും ദൈവം നൽകുന്ന സകല സൗഭാഗ്യങ്ങളിൽ നിന്നും നമ്മെ പുറത്താക്കും (ഉത്പ 3:23). എന്നാൽ ദൈവം മനുഷ്യനെ ഉപേക്ഷിച്ചില്ല. ദൈവം എങ്ങനെ മനുഷ്യനെ ഒഴിവാക്കും. തന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിച്ച തന്റെ പ്രിയപ്പെട്ട സൃഷ്ടിയെ രക്ഷിക്കാൻ ദൈവം തിരുമനസ്സായി. നമ്മൾ ചെയ്യുന്ന പാപങ്ങൾക്ക് പരിഹാരം ചെയ്യാൻ ദൈവം സ്വന്തം പുത്രനെ അയച്ചു. പുത്രനായ ഈശോ ഏദൻ തോട്ടത്തിനു പുറത്തുള്ള ഈ ഭൂമിയിൽ വന്ന്, നമ്മെപ്പോലെ മനുഷ്യനായി പറന്നു. 'ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന കുഞ്ഞാടിനെപ്പോലെ' ഈ ഭൂമിയിലുള്ള സകല പാപങ്ങളും ഈശോയുടെ മേൽ ചുമത്തപ്പെട്ട് അവൻ കുരിശിലേറി. എന്നാൽ മരണശേഷം പുതിയ ഏദൻ തോട്ടത്തിലേക്ക് നമ്മെ കൊണ്ടുപോകാൻ ഈശോ ഉത്ഥാനം ചെയ്തു. ഇനി അവിടുന്ന വീണ്ടും നമ്മെ ഏദൻതോട്ടത്തിലേക്ക് (സ്വർഗ്ഗത്തിലേക്ക്/ദൈവഭവനത്തിലേക്ക്) കൂട്ടികൊണ്ട് പോകാൻ (യോഹ 14:3) വരും.

സാധുസുന്ദർ സിങ്ങിന്റെ കഥയിൽ പറയുന്നതുപോലെ, ആടുകളെ രക്ഷിക്കാൻ ഇടയൻ ആട്ടിൻ തോലണിഞ്ഞ് ആടുകളുടെ ഇടയിൽ ആടുകളെപ്പോലെ ജീവിച്ചു. ഈശോയും അങ്ങനെയാണ്. ദൈവമായിരുന്നിട്ടും അവൻ സ്വയം താഴ്ത്തി മനുഷ്യനെപ്പോലെ ജീവിച്ചു (ഫിലി2:8). ദൈവത്തിന്റെ മുൻപിൽ പാപം ചെയ്ത ആദത്തിന് പകരം നന്മമാത്രം ചെയ്യുന്ന രണ്ടാം ആദം. ആ നല്ല മനുഷ്യനായ രണ്ടാം ആദത്തെ പ്രതി, എന്നുവച്ചാൽ ഈശോയെ പ്രതി പിതാവായ ദൈവം വീണ്ടും നമ്മുക്ക് ഏദൻ തോട്ടമാകുന്ന സ്വർക്ഷം തുറന്നു തന്നു (1 കൊറി

15: 45–49). ഇതാണ് ക്രിസ്തുമസ്സിന്റെ കഥ.

ഇത്രയും സ്നേഹമുള്ള ദൈവത്തിന്റെ സ്നേഹത്തിന്റെ ഓർമ്മയാണ് ക്രിസ്തുമസ്സ്. ദൈവം കരുണ കാണിച്ചതുപ്പോലെ നമ്മളും മറ്റുള്ളവരേട് കരുണ കാണിക്കേണ്ടേ? ദൈവം സമാധാനം സ്ഥാപിച്ചതു പോലെ നമ്മളും സമാധാനം സ്ഥാപിക്കേണ്ടേ? സ്വർഗ്ഗം നമുക്ക് വീണ്ടും തരാനായതിൽ ദൈവം അതിയായി സന്തോഷിച്ചതുപോലെ നമ്മളും സന്തോഷിച്ചാഘോഷിക്കേണ്ടേ? വേണം. മറ്റുള്ളവരോട് കരുണകാണിച്ചും, ചെറിയ ചെറിയ സഹായങ്ങൾ ചെയ്തും, ഇരുപത്തിയഞ്ച് നോമ്പിലെ പരിത്യാഗങ്ങൾ ചെയ്തും, ഒരുപാട് പ്രാർത്ഥിച്ചും, സുകൃതജപം ചൊല്ലിയും, പുൽക്കൂട് നിർമ്മിച്ചും, ക്രിസ്തുമസ്സ് കാർഡുകളും സമ്മാനങ്ങളും കൊടുത്തും, ക്രിസ്തുമസ്സ് ട്രീ ഒരുക്കിയും, ക്രിസ്തുമസ്സ് കുർബാനയിൽ പങ്കെടുത്തും, കുടുബത്തിൽ കേക്ക് മുറിച്ചും പങ്കുവച്ചും, പരസ്പരം ക്രിസ്തുമസ് ആശംസ നൽകിയും നമുക്ക് ഈ ക്രിസ്തുമസ് ആശംസിക്കാം.

പ്രിയ കുട്ടികളേ, ഇപ്പോഴും പ്രളയത്തിൽപ്പെട്ട് തകർന്ന വീടുകളും കുടുംബങ്ങളും നമുക്കു ചുറ്റും ഉണ്ട് എന്ന കാര്യം ഞാൻ ഓർമ്മിപ്പിക്കുന്നു. അവരെയും നമ്മൾ സഹായിക്കേണ്ടേ? അവർക്കും വേണ്ടേ ക്രിസ്തുമസ് ആഘോഷങ്ങൾ? നമ്മെകൊണ്ടാകുന്ന ചെറിയ ചെറിയ സമ്മാനങ്ങളും സംഭാവനകളും ഇടവക വഴിയോ നേരിട്ടോ ചെയ്യാൻ മറക്കരുത്. ഈ ക്രിസ്തുമസ്സിന് നമ്മുടെ പുൽക്കൂട്ടിൽ ഒരു ഉണ്ണിയേശു മാത്രം ജനിച്ചാൽ പോരാ, നമ്മൾ തന്നെ ഉണ്ണിയേശുകളായി തീരണം. അങ്ങനെ നിങ്ങളുടെ ഇടവകയിൽ ഒരുപാട് ഉണ്ണിയേശുമാർ ജനിക്കട്ടെ. നിങ്ങളെ കാണുന്നവർ ഉണ്ണിയേശുവിനെ കാണട്ടെ (മത്തായി 5: 13–16).

എനിക്കും അതിരൂപതക്കും എല്ലാ വൈദികർക്കും സന്യസ്തർക്കും വേണ്ടി നിങ്ങൾ പ്രാർത്ഥിക്കണം. എന്റെ പ്രാർത്ഥനയിൽ എന്നും നിങ്ങളും ഉണ്ടായിരിക്കും. പുതിയ ക്രിസതുവായി ജനിച്ച് പുതിയ വർഷത്തിൽ പുതിയ മനുഷ്യരായി (2 കൊറി 5:17) വളരാൻ നിങ്ങൾക്ക് സാധിക്കട്ടെ. എല്ലാവർക്കും Happy Christmas - Happy New Year ആശംസകൾ നേരുന്നു.

നിങ്ങളുടെ വത്സലപിതാവ്,

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# മതബോധനവാർത്തകൾ

ഉണ്ണീശോയുടെ തിരുപ്പിറവി ആഘോഷിക്കുന്നതിന് ഒരുങ്ങുകയാണല്ലോ. സമാധാനമാണ് പുൽക്കൂട്ടിലെ ഉണ്ണീശോ നൽകുന്ന വലിയ സമ്മാനം. സ്വാർത്ഥതയാണ് പലപ്പോഴും അസമാധാനത്തിന്റെ കാരണം. കാലിത്തൊഴുത്തിൽ ജനിച്ചപ്പോഴും മന്ദസ്മിതം തൂകുന്ന ദൈവപുത്രന്റെ സ്വയം ശൂന്യമാക്കലിന്റെ മാതൃക നമുക്കും പിഞ്ചെല്ലാം. അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വവും ഭൂമിയിൽ മനുഷ്യർക്ക് സമാധാനവുമായിത്തീരാം. ദൈവപുത്രന്റെ മനുഷ്യാവതാരത്തിന്റെ അനുഗ്രഹം എല്ലാവർക്കും ആശംസിക്കുന്നു.

**1. ആപ്റ്റിറ്റ്യൂഡ് അതിരൂപതാതല പരീക്ഷ**

തിയതിയും സമയവും: 2018 ഡിസംബർ 9 ഞായർ, 2.30 PM- 4.30PM

സ്ഥലം: മതബോധനകേന്ദ്രം

**അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കാവുന്നവർ**

1) ഓരോ യൂണിറ്റിൽനിന്നും ഏറ്റവും കൂടുതൽ മാർക്കു വാങ്ങിയ വ്യക്തി (ഒരാൾ മാത്രം)

2) 88 ശതമാനമോ അതിനുമുകളിലോ മാർക്കുള്ളവർ (യൂണിറ്റിൽനിന്നും എത്ര പേരുണ്ടെങ്കിലും പങ്കെടുക്കാം).

3) **ഹാൾ ടിക്കറ്റ്:** അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കേണ്ട അധ്യാപകർക്കുള്ള ഹാൾടിക്കറ്റ് സോഫ്റ്റ് വെയറിൽനിന്നും പ്രിന്റ് എടുത്ത് അതുമായാണ് അതിരൂപതാതല പരീക്ഷക്ക് വരേണ്ടത്.

4) **അധികപാഠ്യഭാഗം** (Additional Portion):
അതിരൂപതാതല പരീക്ഷയ്ക്കുള്ള അധികപാഠ്യഭാഗ (Additional Portion) മായി നിശ്ചയിച്ചിട്ടുള്ളത് ഫ്രാൻസിസ് മാർപാപ്പയുടെ "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" (Gaudete et Exsultate) എന്ന അപ്പസ്തോലിക ആഹ്വാനമാണ്. ഇതിന്റെ POC പ്രസിദ്ധീകരണത്തെ അടിസ്ഥാനമാക്കിയായിരിക്കും ചോദ്യങ്ങൾ. പുസ്തകം DBCLCയിലെ റിലീജിയസ് സ്റ്റാളിൽ ലഭ്യമാണ്.

**2. ആപ്റ്റിറ്റ്യൂഡ് പുനഃപരീക്ഷ**

യൂണിറ്റുതലത്തിൽ പരീക്ഷ എഴുതുവാൻ സാധിക്കാത്തവർക്കും തോറ്റവർക്കും 2018 ഡിസംബർ 9 ഞായറാഴ്ച അവരവരുടെ യൂണിറ്റുകളിൽത്തന്നെ പുനഃപരീക്ഷ നടത്തുന്നതായിരിക്കും.

സമയം: 3 PM – 4.30 PM.

പരീക്ഷയുടെ ചോദ്യപേപ്പറുകൾ ഡിസംബർ 5–ാം തിയ്യതി ബുധനാഴ്ച്ച മുതൽ മതബോധനകേന്ദ്രത്തിൽ നിന്നും യൂണിറ്റധികാരികൾക്ക് കൊണ്ടുപോകാവുന്നതാണ്.

**3. ഞായറാഴ്ചമതബോധന വാർഷികപരീക്ഷകൾ**

ഞായറാഴ്ചമതബോധന വാർഷികപരീക്ഷകൾ, വാർഷിക പ്രോഗ്രാമിൽ കൊടുത്തിരിക്കുന്നതുപോലെ, 2019 ഫെബ്രുവരിയിൽ ത്തന്നെ നടത്തുന്നതാണ്. പരീക്ഷകളുടെ കാര്യം വിദ്യാർത്ഥികളെ നേരത്തെത്തന്നെ അറിയിക്കുകയും അതനുസരിച്ച് പാഠങ്ങൾ പഠിപ്പിക്കുകയും മറ്റു ഒരുക്കങ്ങൾ നടത്തുകയും ചെയ്യുക. റിവിഷന് സമയം കാണണം.

Std. XII & ACC Chief Examiners Meeting : 2019 ഫെബ്രുവരി 24, 10:30 AM

**4. ഞായറാഴ്ചമതബോധനം കേന്ദ്രീകൃത മൂല്യനിർണ്ണയം**

Std. XII & ACC പരീക്ഷകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ആ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന ബന്ധപ്പെട്ട എല്ലാ അധ്യാപകരും നിർബന്ധമായി സംബന്ധിക്കണം. തിയ്യതികൾ:

Std. XII : 2019 മാർച്ച് 2, 3 ശനി, ഞായർ

ACC : 2019 മാർച്ച് 2, 3, 9, 10 (ശനി, ഞായർ ദിവസങ്ങൾ)

**5. സ്കൂൾ കാറ്റക്കിസം & സന്മാർഗ്ഗശാസ്ത്രം വാർഷിക പരീക്ഷകൾ :**

(സ്കൂൾ കാറ്റക്കിസം Std. I - X & മോറൽ സയൻസ് Std. I - XII)

തിയതി : **2019 ജനുവരി 11 വെള്ളി**

രാവിലെ (രണ്ടു മണിക്കൂർ):

Stds: I, III, V, VII, IX, XI

ഉച്ചകഴിഞ്ഞ് (രണ്ടു മണിക്കൂർ):

Stds. II, IV, VI, VIII, X, XII

**NB.**

1. ചോദ്യപേപ്പറുകൾ ജനുവരി 7 മുതൽ 10 വരെയുള്ള ദിവസങ്ങളിൽ സ്ക്കൂളധികാരികൾ മതബോധന കേന്ദ്രത്തിൽ നിന്നും വാങ്ങേണ്ടതാണ്.
2. മോറൽ സയൻസ് വാർഷിക പരീക്ഷയ്ക്ക് ചോദ്യപേപ്പർ തയ്യാറാക്കുന്നതും പരീക്ഷാതിയതി നിശ്ചയിക്കുന്നതും കെ. സി. ബി. സി.യുടെ വിദ്യാഭ്യാസ കമ്മീഷനാണ്. അതുകൊണ്ട് ഒരേ ചോദ്യപേപ്പർ ഉപയോഗിച്ച് നിശ്ചിത തിയതിയിലും നിശ്ചിത സമയത്തും തന്നെ എല്ലാ സ്കൂളുകളിലും പരീക്ഷകൾ നടത്തേണ്ടതാണ്.
3. മോറൽസയൻസ് വാർഷിക പരീക്ഷയുടെ ചോദ്യങ്ങൾ ഒരു വർഷത്തെ മുഴുവൻ സിലബസ്സിൽ നിന്നും ആയിരിക്കും.
4. സ്കൂൾ കാറ്റക്കിസം വാർഷിക പരീക്ഷയ്ക്ക് Second Termലെ പാഠഭാഗത്തിൽ നിന്നുമാത്രമേ ചോദ്യങ്ങൾ ഉണ്ടായിരിക്കുകയുള്ളൂ.

**6.സന്മാർഗ്ഗശാസ്ത്രം സ്കോളർഷിപ്പ് പരീക്ഷ (2019 ഫെബ്രുവരി 09)**

IV, VII, X, XII ക്ലാസുകളിലെ മോറൽ സയൻസ് കുട്ടികൾക്കായി കെ. സി.ബി.സി. യുടെ വിദ്യാഭ്യാസ കമ്മീഷ

നാണ് സ്കോളർഷിപ്പ് പരീക്ഷ നടത്തുന്നത്. ഇത് സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷയാണ്.

മേൽപ്പറഞ്ഞ ക്ലാസ്സുകളിൽ വാർഷിക പരീക്ഷയിൽ ഓരോ സ്കൂളിൽ നിന്നും 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കുന്ന കുട്ടികളാണ് സ്കോളർഷിപ്പ് പരീക്ഷയ്ക്ക് അർഹരാവുക. ഇവരുടെ പേരുവിവരം നിശ്ചിത ഫോറത്തിൽ രേഖപ്പെടുത്തി 2019 ജനുവരി 20-നു മുമ്പ് അതിരൂപതാ മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. സ്കോളർഷിപ്പ് പരീക്ഷ മതബോധനകേന്ദ്രം നിശ്ചയിക്കുന്ന സ്ഥലങ്ങളിൽ വച്ചു നടത്തുന്നതാണ്.

സ്കോളർഷിപ്പ് പരീക്ഷയിൽ സംസ്ഥാനതലത്തിൽ 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർക്ക് യഥാക്രമം 3,000/-, 2000/-, 1,500/- രൂപ വീതവും X, XII ക്ലാസുകളിൽ 1, 2, 3 സമ്മാനങ്ങൾ കൂടാതെ 90% ൽ കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് 1,000/- രൂപയും സർട്ടിഫിക്കറ്റും കെ. സി. ബി. സി.യുടെ വിദ്യാഭ്യാസ കമ്മീഷൻ പ്രോത്സാഹനസമ്മാനമായി നൽകുന്നതാണ്.

1). സ്കോളർഷിപ്പ് പരീക്ഷയുടെ ചോദ്യങ്ങൾ മുൻ വർഷത്തേതു പോലെ ഒറ്റ വാക്കിൽ ഉത്തരമെഴുതാനുള്ള ചോദ്യങ്ങളായിരിക്കും.

2). IV, VII ക്ലാസുകളിൽ 50 ചോദ്യവും X, XII ക്ലാസുകളിൽ 60 ചോദ്യവും ഉണ്ടായിരിക്കും.

3). 5 മാർക്കിന്റെ ചോദ്യങ്ങൾ പൊതുചോദ്യങ്ങളായിരിക്കും

4). മോറൽ സയൻസിൽ ചോദ്യങ്ങളുടെ മാതൃക തന്നതിൽ "ജനറൽ" എന്ന് പറയുന്ന ചോദ്യങ്ങൾ ടെക്സ്റ്റ് പുസ്തകത്തിൽ നിന്നുള്ളതല്ല.

5). കെ. സി. ബി. സി. വിദ്യാഭ്യാസ കമ്മീഷൻ നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷാഫലം അടിസ്ഥാനമാക്കിയാണ് അതിരൂപതാടിസ്ഥാനത്തിൽ സ്കോളർഷിപ്പ് സമ്മാനങ്ങൾ നൽകുന്നത്.

**7. സ്കൂൾ കാറ്റക്കിസം സ്കോളർഷിപ്പ് പരീക്ഷ (2019 ഫെബ്രുവരി 09)**

1) സ്കൂൾ കാറ്റക്കിസം 4, 7, 10 ക്ലാസ്സുകൾക്ക് അതിരൂപതാമതബോധനകേന്ദ്രമാണ് സ്കോളർഷിപ്പ് പരീക്ഷകൾ നടത്തുന്നത്.

2) മേൽപ്പറഞ്ഞ ക്ലാസ്സുകളിൽ ഓരോ സ്കൂളിൽ നിന്നും (എത്ര ഡിവിഷൻ ഉണ്ടായാലും) 1, 2, 3 സ്ഥാനങ്ങൾ കരസ്ഥമാക്കുന്നവർ, അവർക്ക് 80 ശതമാനമോ അതിൽ കൂടുതലോ മാർക്ക് ഉണ്ടെങ്കിൽ മാത്രം, ആണ് സ്കോളർഷിപ്പ് പരീക്ഷക്ക് അർഹരാവുന്നത്. ഇവരുടെ ലിസ്റ്റ് 2019 ജനുവരി 20 നു മുമ്പ് അതിരൂപതാ മതബോധനകേന്ദ്രത്തിൽ ഏല്പിക്കേണ്ടതാണ് (Scheme of Work കാണുക)

3) അതിരൂപതാ മതബോധനകേന്ദ്ര ത്തിൽനിന്ന് നല്കുന്ന ചോദ്യ പേപ്പറുകൾ ഉപയോഗിച്ച് നിശ്ചിതസമയത്തുതന്നെ സ്കൂളുകളിൽ നടത്തിയ പരീക്ഷയിൽ പങ്കെടുത്ത വിദ്യാർത്ഥികൾക്കേ ഈ സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുക്കാൻ അർഹതയുള്ളൂ.

**8. School Catechism & Moral Science Scholarship Examination Centres**

1. Eravu - St. Joseph's Eng. HSS
2. Mammiyur - Little Flower CGHSS
3. Ollur - St. Mary's CGHS
4. Palakkal - Aided LPS
5. Thrissur - Basilica, Mathanikethan
6. Thrissur East Fort - St. Clare's CGHSS
7. Wadakkanchery - St. Pius X CUPS

**9. SMCC പ്രതിഭാ പരിശീലനം (Std. XII & Std. VII)**

Syro-Malabar Catechetical Commission Award-ന് ഒരുക്കമായുള്ള പ്രതിഭാ പരിശീലനത്തിന്റെ പ്രഥമഘട്ടം ഒക്ടോബർ-നവംബർ മാസത്തിൽ ത്തന്നെ വളരെ വിജയകരമായി നടത്തി. വിദ്യാർത്ഥികളെ പരിശീലിപ്പിക്കാൻ സഹായിച്ച ബഹു. അച്ചന്മാർ, ഫൊറോനാ പ്രമോട്ടർമാർ, ഹെഡ്മാസ്റ്റർമാർ, ആനിമേറ്റർമാർ മുതലായവരുടെ സഹകരണത്തിന് നന്ദി. Std. XII വിദ്യാർത്ഥികൾക്കുള്ള അതിരൂപതാതലത്തിലുള്ള അടുത്ത പരിശീലനം ഡിസംബർ 21, 22, 23 തിയ്യതികളിൽ നടത്തുന്നതാണ്. ഈ വിദ്യാർത്ഥികളിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന 6 പേരാണ് സഭാതല പ്രതിഭാസംഗമത്തിൽ പങ്കെടുക്കുന്നത്. Std. VII വിദ്യാർത്ഥികൾക്കുള്ള അടുത്ത പരിശീലനം നടത്തുന്നത് പിന്നീട് അറിയിക്കുന്നതാണ്.

**10. മോഡൽ യൂണിറ്റുകൾ**

നടപ്പ് അധ്യയനവർഷത്തിലെ മോഡൽ യൂണിറ്റുകൾക്കുള്ള സമ്മാനങ്ങൾ 2019 ജനുവരി 26ന് നടക്കുന്ന മതബോധന അധ്യാപകരുടെ സർവ്വീസ് അവാർഡ് ദിനത്തോടനുബന്ധിച്ച് നൽകുന്നതാണ്.

**11. സർവ്വീസ് അവാർഡ്**

ഞായറാഴ്ച് മതബോധനത്തിൽ 31.05.2018 വരെയുള്ള സർവ്വീസിന്റെ അടിസ്ഥാനത്തിൽ, ഈ വർഷം സർവ്വീസ് അവാർഡിന് അർഹരായവരുടെ ലിസ്റ്റ് താഴെ കൊടുക്കുന്നു. ലിസ്റ്റ് ശ്രദ്ധാപൂർവ്വം വായിച്ച് തങ്ങളുടെ യൂണിറ്റിൽ നിന്നും അവാർഡിന് അർഹരായവരുടെ പേരുവിവരങ്ങൾ ഉണ്ട് എന്ന് പ്രധാനാധ്യാപകർ ഉറപ്പുവരുത്തേണ്ടതാണ്. ഇല്ലാത്തപക്ഷം എത്രയും പെട്ടെന്ന് മതബോധ

നകേന്ദ്രവുമായി ബന്ധപ്പെടേണ്ട താണ്. സോഫ്റ്റ് വെയറിൽ സർവ്വീസ് Add ചെയ്യുമ്പോൾ Start Date - June 1, End Date- May 31 എന്നിങ്ങനെ യാണ് കൊടുക്കേണ്ടത് എന്ന് ഓർമ്മിപ്പിക്കുന്നു. അപ്രകാരമ ല്ലെങ്കിൽ സർവ്വീസ് ലിസ്റ്റിൽ പേരുവരാൻ സാധ്യതയുണ്ടാകി ല്ല. അർഹതയുണ്ടായിട്ടും പേരി ല്ലെങ്കിൽ സോഫ്റ്റ് വെയറിൽ Date correct ചെയ്തതിനു ശേഷം മതബോധനകേ ന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

ലിസ്റ്റിൽ ഉള്ളതുപോലെയാണ് പേരുകൾ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തപ്പെടുന്നത്. കൊടു ത്തിരിക്കുന്ന പേരുകളിൽ എന്തെങ്കിലും അക്ഷരത്തെറ്റു കൾ ഉണ്ടെങ്കിൽ ഉടൻതന്നെ സോഫ്റ്റ് വെയറിൽ തിരുത്തലു കൾ വരുത്തേണ്ടതാണ്. സർട്ടി ഫിക്കറ്റുകൾ പിന്നീട് തിരുത്തി നൽകുവാൻ സാധിക്കില്ല. ഡിസംബർ–31 നുശേഷം വരുന്ന എൻട്രികൾ സ്വീകരി ക്കാൻ സാധിക്കില്ല (അവാർഡ് ദാനം 2019 ജനുവരി 26).

| No. | Name of Teacher | Unit |
|---|---|---|
| | **15 YEARS** | |
| 01. | BINOJ P. A. | AMMADAM |
| 02. | PILJO VARGHESE | ARTHAT |
| 03. | JITHESH P. D. | BRAHMAKULAM |
| 04. | RANI VINCENT | CHEVOOR |
| 05. | REESON P. D. | CHITTISSERY |
| 06. | LEENA KURIYAN | CHUVANNAMANNU |
| 07. | BEENA XAVIER | EDAKKALATHUR |
| 08. | METTILDA DAVID | ELTHURUTH |
| 09. | REENA JOY | KANNAMKULANGARA |
| 10. | OMANA VINCENT | KODANNUR |
| 11. | SHILLY P. J. | KODANNUR |
| 12. | SIJO JOHNSON | KURIACHIRA |
| 13. | KUNJAMMA DEVASSY | KURUMAL |
| 14. | LINTO VADAKKAN C. | KURUMAL |
| 15. | FRANCIS | MANJAKKUNNU |
| 16. | JAISY SIMON | MARATHAKKARA |
| 17. | PRABIN T. PAUL | MARATHAKKARA |
| 18. | SINI BABU | MARATHAKKARA |
| 19. | PRAVEEN VARGHESE | MARIAPURAM |
| 20. | JUGUNU PRINCE | MARIAPURAM |
| 21. | VINCENT M. A. | MATTOM |
| 22. | JOICY JOSE | MULAYAM |
| 23. | CICILY GEORGE | MUNDUR |
| 24. | STELLA VILSON | MUNDUR |
| 25. | TITTO V. E. | OLLUKKARA |

| | | |
|---|---|---|
| 26. | BIJU GEORGE K. | PADAVARAD |
| 27. | SR. PHONCY KURIAN CHF | PARAKKAD |
| 28. | LIJO JOSEPH V. | PAREMPADAM |
| 29. | NANCY TOM | PAZHAYANNUR |
| 30. | SR. RESMY PUTHUR FCC | PERINCHERY |
| 31. | SR. AISWARYA CSC | PULAKKATTUKARA |
| 32. | SHEEBA TONY | PURANATTUKARA |
| 33. | LIMSY VARGHESE | THALAKOTTUKARA |
| 34. | ANTO V. J. | THALAKOTTUKARA |
| 35. | VIPIN V. F. | THALAKOTTUKARA |
| 36. | SR. DEEPA FRANCIS | THRIPRAYAR |
| 37. | SHOBY C. THOMAS | THOYAKKAVU |
| 38. | SHIJO JOSE | THRISSUR DOLOURS |
| 39. | SR. UDAYA ROSE C.M.C | THRISSUR DOLOURS |
| 40. | SOJA THOMAS | THRISSUR LOURDE |
| 41. | SILVY GEORGE | THRISSUR LOURDE |
| 42. | SR. SHEEN MARIA | THRISSUR LOURDE |
| 43. | DARLY JOSE | THRISSUR LOURDE |
| 44. | REGINA OUSEPH | THRISSUR LOURDE |
| 45. | GRACY MATHAI | VALAKKAVU |
| 46. | JINCY FOLY | VALAPAD |
| 47. | SHEENA JOSE | VALAPAD |
| 48. | SR. TREESA MARIA | VELUR |
| 49. | SANI M. P. | WADAKKANCHERY |

**25 Years**

| | | |
|---|---|---|
| 01. | SHAJU VARGHESE | AMMADAM |
| 02. | SR. MERCY PAUL | AMMADAM |
| 03. | BABU P. J. | AMMADAM |
| 04. | SHAINY VARKEY | ARAMPILLY |
| 05. | TOMI A. P. | ARAMPILLY |
| 06. | LEONSON J.ALOOR | ARANATTUKARA |
| 07. | ALFONZA THOMAS | ARTHAT |
| 08. | PHILOMINA DEVASSY | CHERPU |
| 09. | JOBY V. K. | CHIRAKKAL |
| 10. | JOMY A. G. | CHIRAKKAL |
| 11. | JOLLY VARGHESE | ELTHURUTH |
| 12. | PIUS T. K. | ELTHURUTH |
| 13. | STEPHAN K. T. | ENAMAKKAL |
| 14. | ALFRED M. K. | ERUMAPETTY |
| 15. | SR. REMYA ROSE | KANDASSANKADAVU |
| 16. | ANNIE JOSE | KANNARA |
| 17. | SEEJA SIMON | KARAMUCK |

| | | |
|---|---|---|
| 18. | JOSEPHEENA | KODANNUR |
| 19. | FRANCIS K. V. | KOLENGATTUKARA |
| 20. | AGRI M. FRANCIS | KOTTEKAD |
| 21. | BABU M. V. | KUNDANNUR |
| 22. | ELSY VARUNNY | MUNDUR |
| 23. | JOSE J. MEKKAT | MUNDUR |
| 24. | JOSHY V. L. | MUNDUR |
| 25. | SR. REETHA VARGHESE | MUNDUR |
| 26. | AMBIKA C. J. | NAMBAZHIKAD |
| 27. | ROLY P. V. | NORTH PUDUKAD |
| 28. | SR. FLOSY C.M.C | OLLUKKARA |
| 29. | LUCY DEVASSY | OLLUR MARYMATHA |
| 30. | BEENA KURIYAKOSE | PALLIKKUNNU |
| 31. | TESSY PAUL | PAZHUVIL |
| 32. | GEORGE C. P. | PERAMANGALAM |
| 33. | GRAICY VARGHEESE | PURANATTUKARA |
| 34. | STARLIN SHINTO T. J. | PUTHENPEEDIKA |
| 35. | SANTHA JACOB | THALAKKOTTUKARA |
| 36. | PRIYA DENNIS | THRIPRAYAR |
| 37 | MABLE THOMAS | THRIPRAYAR |
| 38. | JEMMA GEORGE | VALAPAD |
| 39. | AGRI FRANCIS | VIYYUR |
| 40. | SCARIYA P. P. | WADAKKANCHERY |
| 41. | SHAJU ALAPPAT | WADAKKANCHERY |
| 42. | SR. NITHYA JOSE CMC | WEST FORT |

**35 Years**

| | | |
|---|---|---|
| 01. | JOSTON PAUL | MARATHAKKARA |
| 02. | OMANA JOSE | NORTH PUDUKAD |
| 03. | JOJU K. T. | OLLUR MARYMATHA |
| 04. | SR. ALLY GEORGE | MARIAPURAM |
| 05. | SHAJU V. A. | PALLIKKUNNU |
| 06. | JOYSON M. C. | PAREMPADAM |
| 07. | ANCY TOMY | PAZHAYANNUR |
| 08. | GREGORIOUS T. A. | VALAPAD |

**50 Years**

| | | |
|---|---|---|
| 01. | FRANCIS A. V. | VELUR |
| 02. | CLARA N. C. | THRISSUR LOURDE |

**ക്രിസ്തുമസ് ആശംസകളോടെ,**

Fr. Tens Kunnappilly
Fr. Rijo Vithayathil
Fr. Royson Kollannur
*Asst. Directors*

Fr. Raphael Akkamattathil
Director

# Institute of THEOLOGY

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

## 1. B.A. in Theology and Religious Studies:

ഞായറാഴ്ചകളിൽ 2 PM മുതൽ 5 PMവരെയും രണ്ടാം ശനിയാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9:30AM മുതൽ 5 PMവരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് Institute of Theology Office- മായി ബന്ധപ്പെടുക.

## 2. Correspondence Theology Course:

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ഡിസംബർ 9,23 എന്നീ ഞായറാഴ്ച്ചകളിൽ 2 PM മുതൽ 5 PM വരെയായിരിക്കും.

## 3. Basic Theology Course:

സന്യാസാർത്ഥിനികൾക്കുള്ള മൂന്നുമാസത്തെ ബേസിക് തിയോളജി കോഴ്സ് 2019 ജനുവരി 7–ന് (തിങ്കൾ) ആരംഭിക്കുന്നു. ഡിസംബർ 15നു മുമ്പായി Registration നടത്തുമല്ലോ. വിശദവിവരങ്ങൾക്ക് ഡി.ബി.സി.എൽ.സി.–യിലെ തിയോളജി ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ



# മേരിമാത സെമിനാരി

1. **മിഷൻ ഡേ ആചരണം** : 20–10–2018 ശനിയാഴ്ച എം.എസ്.ടി. സുപ്പീരിയർ ജനറൽ പെരിയ ബഹു. ഫാ. ആന്റണി പെരുമാനൂർ ദിവ്യബലിയോടെ മിഷൻ ഡേ ആചരിച്ചു. ഇന്ത്യയിലെ വിവിധ മിഷൻ കേന്ദ്രങ്ങളിൽ ശുശ്രൂഷ ചെയ്തതിന്റെ അനുഭവങ്ങൾ ആന്റണി അച്ചനും, ആഫ്രിക്കയിൽ മിഷനറിയായി സേവനം ചെയ്യുന്ന നിർമ്മലദാസി സഭാംഗം സി. ഗ്രെയ്സ് ചിറയ്ക്കലും തങ്ങളുടെ മിഷൻ അനുഭവങ്ങൾ പങ്കുവച്ചു. തുടർന്ന് മിഷൻ പ്രവർത്തനങ്ങൾക്കായി ഫണ്ട് സ്വരൂപിക്കുന്നതിനുള്ള വിവിധതരം കളികളും സ്റ്റാളുകളും ലേലം വിളിയും നടത്തി.
2. **ജപമാല സമർപ്പണം** : പരിശുദ്ധ അമ്മയോടുള്ള സവിശേഷമായ വണക്കത്തോടുകൂടി 10 ദിവസം ദിവ്യകാരുണ്യസന്നിധിയിൽ ജപമാല ചൊല്ലി സെമിനാരി കുടുംബം പ്രാർത്ഥിച്ചു. ഒക്ടോബർ 24–ാം തിയ്യതി കത്തിച്ച തിരികളുമേന്തി ഭക്തി സാന്ദ്രമായ ജപമാല പ്രദക്ഷിണം നടത്തി.
3. Deacons'Parents'Day : 27.10.2018 ശനിയാഴ്ച മേരിമാതയിലെ ഡീക്കന്മാരുടെ മാതാപിതാക്കളുടെ സംഗമം നടത്തുകയുണ്ടായി. ബഹു. റെക്ടറച്ചന്റെ മുഖ്യ കാർമ്മികത്വത്തിൽ രാവിലെ പത്തുമണിക്ക് ആരംഭിച്ച ദിവ്യബലിയിൽ ഡീക്കന്മാരുടെ ആനിമേറ്റർ ബഹു. ഡേവിസ് കാവുങ്കലച്ചൻ ഹൃദ്യമായ വചനസന്ദേശം നൽകി. തുടർന്ന് ഓഡിറ്റോറിയത്തിൽ നടന്ന സ്നേഹ കൂട്ടായ്മയിൽ ബഹു. വിൻസന്റ് ആലപ്പാട്ടച്ചൻ ആശംസകളർപ്പിച്ച് സംസാരിച്ചു. ഡീക്കന്മാരുടെ മാതാപിതാക്കളും കുടുംബാംഗങ്ങളും തങ്ങളെതന്നെ സെമിനാരികുടുംബത്തിന് പരിചയപ്പെടുത്തി.
4. നാടകാവതരണം : പാലാ കമ്മ്യൂണിക്കേഷൻ സിന്റെ "കടലോളം കനിവ്" എന്ന നാടകം ഫാ. ഫിജോ ആലപ്പാടന്റെ സംവിധാന മികവോടുകൂടി വൈദികവിദ്യാർത്ഥികൾ 30.10.2018 ചൊവ്വാഴ്ച അവതരിച്ചു.

5. Deacons' Send Off : 31.10.2018 വൈകീട്ട് ബഹു. ഫാ. ബിൽജു വാഴപ്പിള്ളിയച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ സമൂഹബലിയോടെ ആരംഭിച്ച ഡീക്കന്മാരുടെ യാത്രയയപ്പ് ചടങ്ങുകൾ ഏറെ ഹൃദ്യമായിരുന്നു. വിശുദ്ധകുർബ്ബാനമദ്ധ്യേ ബഹു. ഫാ. മൈക്കിൾ കാരിമറ്റം വചനസന്ദേശം നൽകി. വിവിധ രൂപതകളിൽ നിന്നും സന്ന്യാസ സഭകളിൽ നിന്നുമുള്ള 12 ഡീക്കന്മാരാണ് ഈ വർഷം മേരിമാതയുടെ പടിയിറങ്ങുന്നത്. മുൻ റെക്ടർ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവ് ഓഡിറ്റോറിയത്തിൽ ചേർന്ന യാത്രയയപ്പ് യോഗത്തിൽ സന്നിഹിതനായിരുന്നു. മേരിമാതാ സ്റ്റാഫിനെ പ്രതിനിധീകരിച്ച് ബഹു. ഫാ. ഫ്രീജോ പാറയ്ക്കലും വൈദിക വിദ്യാർത്ഥികളെ പ്രതിനിധീകരിച്ച് ബ്ര. നിധീഷ് തലച്ചിറയും ഡീക്കന്മാർക്ക് ആശംസകൾ നേർന്ന് സംസാരിച്ചു. വിടവാങ്ങലിന്റെ വേദനയുണ്ടെങ്കിലും 12 ഡീക്കന്മാരെ കർത്താവിന്റെ അൾത്താരയിലേക്ക് അടുപ്പിക്കുന്നതിന്റെ നിർവൃതിയിലാണ് മേരിമാതാ സെമിനാരി.

6. സകലമരിച്ചവരുടെയും ഓർമ്മയാചരണം : സകല മരിച്ച വിശ്വാസികളുടെയും അനുസ്മരണ ദിനമായ നവംബർ 2 ന് എല്ലാ സെമിനാരി വിദ്യാർത്ഥികളും മുളയം സെന്റ് പാട്രിക് ഇടവക ദേവാലയത്തിലാണ് ദിവ്യബലിയിലും തുടർ ന്നുള്ള ശുശ്രൂഷകളിലും പങ്കെടുത്തത്. മുളയം ഇടവകജനത്തോടൊപ്പം അർപ്പിച്ച ദിവ്യബലിയിൽ മോൺ. വർഗ്ഗീസ് ഞാളിയത്തച്ചൻ വചന സന്ദേശം നൽകി. ദിവ്യബലിക്കും തിരുക്കർമ്മങ്ങൾക്കും ശേഷം ഇടവക വികാരി ബഹു. ഫാ. ആന്റണി കുരുതുകുളങ്ങര ഏവർക്കും നന്ദിയർപ്പിച്ചു.

7. കുടുംബദിനാഘോഷം : സെമിനാരി വിദ്യാർത്ഥികളിലെ സർഗ്ഗചേതനയെ ഉണർത്തുന്നതിനും കുടുംബാരൂപി വളർത്തുന്നതിനും നവംബർ 1, 2 തിയ്യതികളിലായി കുടുംബദിനത്തോടനുബന്ധിച്ചുള്ള കലാകായിക മൽസരങ്ങൾ നടത്തപ്പെട്ടു. കുടുംബദിനമായി ആഘോഷിച്ച 03–11–2018 ഉച്ചയ്ക്ക് 12 മണിക്ക് പ്രാർത്ഥനാ ശുശ്രൂഷയും തുടർന്ന് സ്നേഹവിരുന്നും നടത്തി. വൈകിട്ട് 7.30 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന കുടുംബസദസ്സിൽ വച്ച് സമ്മാനദാന ചടങ്ങും നടന്നു. ബഹു. റെക്ടറച്ചൻ എല്ലാവരെയും സ്വാഗതം ചെയ്താരംഭിച്ച സമ്മേളനം കുടുംബസ്നേഹം സ്ഫുരിക്കുന്നതായിരുന്നു. തൃശ്ശൂർ അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ ആശംസകൾ അർപ്പിച്ച് കൂട്ടായ്മയുടെ ഹൃദ്യത വർദ്ധിപ്പിച്ചു.

8. മാസധ്യാനം : നവംബർ 9,10 എന്നീ ദിവസങ്ങളിലായിരുന്നു ഇത്തവണയിലെ മാസധ്യാനം. ധ്യാനവിചിന്തനങ്ങൾ നൽകിയ തലശ്ശേരി അതിരൂപതാംഗമായ ബഹു. മാത്യു പെരുമ്പള്ളിയച്ചൻ പരിശുദ്ധാ

ത്മാവിനോട് പ്രത്യേകം പ്രാർത്ഥിച്ച് കൃപയിൽ വളരേണ്ടതെങ്ങനെ യെന്ന് ഊന്നിപ്പറഞ്ഞു.

9. ബേഴ്സ് സ്ഥാപിച്ചവർ

Benefactor Membership

1. ശ്രീമതി. ആനി ജോണി & ശ്രീ. ജോണി ജെ., തരകൻ (പൊക്കത്ത്) ഹൗസ്, പാവറട്ടി.

Wellwisher Membership

1. ശ്രീ. സി. എ. പൗലോസ്, ചിറ്റിലപ്പിള്ളി ഹൗസ്, പേരാമംഗലം.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ




# മൈനർ സെമിനാരി

**1. മിഷൻ ദിനാചരണം**

ആഗോള മിഷൻദിനാചരണത്തോടനുബന്ധിച്ച് ഒക്ടോബർ 21 ന് മിഷൻ ദിനമായി ആചരിച്ച് മിഷനറിമാർക്കും മിഷൻപ്രവർത്തനങ്ങ ളുടെ വിജയത്തിനുമായി പ്രത്യേകം പ്രാർത്ഥിച്ചു. ഒക്ടോബർ 28 ന് വൈകീട്ട് പെ. ബഹു. ജോസ് ചാലക്കലച്ചൻ പ്രചോദനാത്മകമായ മിഷൻ സന്ദേശം നല്കി മിഷൻ ഫണ്ട് ശേഖരണത്തിനായി സംഘ ടിപ്പിച്ചിരുന്ന ലേലം ഉദ്ഘാടനം ചെയ്തു.

**2. ജപമാല പ്രദക്ഷിണം**

ജപമാലമാസത്തിന്റെ സമാപനദിനമായ ഒക്ടോബർ 31 ന് വൈകീട്ട് ഭക്തിനിർഭരമായ ജപമാല പ്രദക്ഷിണം നടത്തി സെമിനാരികുടുംബം പരി. അമ്മയുടെ മാധ്യസ്ഥം അപേക്ഷിച്ചു.

**3. മാസധ്യാനം**

മൈനർസെമിനാരി വിദ്യാർത്ഥികൾക്കായി നവംബർ 2,3 തിയതിക ളിൽ റവ. ഫാ. ആന്റണി ചിറ്റിലപ്പിള്ളിയും ഡിഗ്രി വിദ്യാർത്ഥി കൾക്കായി നവംബർ 16, 17 തിയതികളിൽ റവ. ഡോ. ഫാ. ഫ്രാൻസീസ് ആലപ്പാട്ടും മാസധ്യാന ചിന്തകൾ നല്കി.

**4. ആർച്ച്ബിഷപ്പ് ഡേ & ഹോം ഡേ**

നവംബർ10 ന് സെമിനാരി കുടുംബം ആർച്ച്ബിഷപ്പ് ഡേയും

ഹോം ഡേയും സംയുക്തമായി ആഘോഷിച്ചു. അന്നേദിവസം അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് ദിവ്യബലിയർപ്പിച്ച് സന്ദേശം ൽകി. ആഘോഷങ്ങളുടെ ഭാഗമായി സെമിനാരി വിദ്യാർത്ഥികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു.

**5. അഭിവന്ദ്യ പിതാക്കന്മാരുടെ ദിവ്യബലിയർപ്പണങ്ങൾ**

നവംബർ 11, 15 തിയതികളിൽ യഥാക്രമം അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവും അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും സെമിനാരി കുടുംബത്തോടൊപ്പം ദിവ്യബലിയർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു.

**6. ഇടവക തിരുനാൾ**

മഡോണനഗർ ഇടവക ദൈവാലയത്തിലെ തിരുനാൾ തിരുകർമ്മങ്ങളിലും ആഘോഷങ്ങളിലും സെമിനാരികുടുംബം താല്പര്യപൂർവ്വം പങ്കുചേർന്നു. സെമിനാരികുടുംബത്തെ സ്വന്തമായി കരുതുന്ന ബഹു. വികാരിയച്ചനും ഇടവകക്കാർക്കും ഏറെ നന്ദി.

**7. ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. ജിനോ റാഫേൽ, കൊമ്പൻ ഹൗസ്, പനമുക്ക്.
2. ശ്രീ. ടി. എ. ആന്റണി, തെക്കിനിയത്ത് ഹൗസ്, കോനിക്കര.

**ഫാ. ഡൊമിനിക് തലക്കോടൻ**
റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റൂട്ട്

**1. ലോക ഹൃദയപുനരുജ്ജീവന ദിനം ആചരിച്ചു**

ഒക്ടോബർ 23 ലോക ഹൃദയ പുനരുജ്ജീവന ദിനമായി ആച രിച്ചു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ ഇന്ത്യൻ അസോസി യേഷൻ ഓഫ് അനസ്തേ ഷ്യോളജിസ്റ്റ്സ് (ISA) അഖി ലേന്ത്യാ അടിസ്ഥാനത്തിൽ പൊതുജനങ്ങൾക്ക് Compression Only Life Support പരിശീലനം നൽകി. ജൂബിലി മിഷൻ ആശുപത്രിയിൽ നടന്ന

ചടങ്ങിൽ ഈ സംരംഭത്തിന്റെ കേരള സംസ്ഥാനതലത്തിലുള്ള ഉദ്ഘാടനം ബഹു. തൃശ്ശൂർ മേയർ ശ്രീമതി അജിത ജയരാജൻ നിർവ്വഹിച്ചു. ISA സംസ്ഥാന സെക്രട്ടറി ഡോ. ബിനിൽ ഐസക്ക് മാത്യു അധ്യക്ഷത വഹിച്ചു. ജൂബിലി മിഷൻ ആശുപത്രി ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, ISA തൃശ്ശൂർ പ്രസിഡണ്ട് ഡോ. ടി. ആർ. രവി, പ്രോഗ്രാം കോർഡിനേറ്റർ ഡോ. പോൾ റാഫേൽ, ISA തൃശ്ശൂർ സെക്രട്ടറി ഡോ. മിഥുൻ രാജ്, റോട്ടറി ക്ലബ്ബ് പ്രസിഡന്റ് മനോജ് എന്നിവർ സംസാരിച്ചു.

**2. ജൂബിലിയിൽ സങ്കീർണമായ അയോർട്ടിക് ശസ്ത്രക്രിയ യിലൂടെ യുവതിക്ക് പുതുജീവൻ**

കിഡ്നി, ലിവർ, ഹൃദയം എന്നിവയുടെ പ്രവർത്തനവും മന്ദീഭവിക്കുന്ന മാർഫൻ സിൻഡ്രോം മൂലം ജൂബിലി മിഷൻ ആശു പത്രിയിൽ എത്തിയ ഗീത (28) എന്ന യുവതിക്ക് വിജയപ്രദമായ എട്ടു മണിക്കൂർ നീണ്ട സങ്കീർണ ശസ്ത്രക്രിയിലൂടെ പുതുജീവൻ നല്കി. കാർഡിയോ സർജൻ ഡോ. ജോൺ ഇ.വി., ഡോ. വാസിം മുലാനി, കാർഡിയാക് അനസ്തേഷ്യോളജിസ്റ്റ് ഡോ. ഷിബു സി. കള്ളിവളപ്പിൽ, കാർഡിയാക് തിയ്യേറ്റർ ടീം, ഐ.സി.യു. ടീം എന്നി വർ സങ്കീർണമായ ശസ്ത്രക്രിയക്ക് നേതൃത്വം നല്കി.

**3. കമ്മ്യൂണിറ്റി ലിവിംഗ് പ്രോഗ്രാം**

ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ 16-ാം ബാച്ചിലെ പതിനൊന്ന് എം.ബി.ബി.എസ്. വിദ്യാർത്ഥികൾ ഫാ.ടിജോ ജോയ് മുള്ളക്കരയുടേയും, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റേയും നേതൃത്വത്തിൽ ആന്ധ്രാപ്രദേശിലെ കോസിഗി എന്ന പ്രദേശത്ത് ഒരാഴ്ച്ച നീണ്ടുനിൽക്കുന്ന (സെപ്റ്റംബർ 30 മുതൽ ഒക്ടോബർ 6 വരെ) കമ്മ്യൂണിറ്റി ലിവിംഗ് പ്രോഗ്രാമിൽ പങ്കെടുക്കുകയുണ്ടായി.

**4. ഹോസ്പിറ്റൽ ഡേ 2018**

ഈ കൊല്ലത്തെ ഹോസ്പിറ്റൽ ഡേ, 28 ഒക്ടോബർ 2018, ഞായറാഴ്ച നടത്തി. സമീപകാലത്തുണ്ടായ ജലപ്രളയവും അതിനോടനുബന്ധി ച്ചുള്ള മറ്റു സാഹചര്യങ്ങളും കണക്കിലെടുത്ത് ഈ തവണ ചുരുങ്ങിയ രീതിയിലാണ് നടത്തിയത്.

**5. റിസേർച്ച് തീസീസ് അവതരണം**

ഈ വർഷത്തെ തീസീസ് അവതരണം, പ്രീ സബ്മിഷൻ സി.സി.എം ഹാളിൽ നടന്നു. വിദ്യാർത്ഥികൾ ജൂറിയുടെ മുമ്പിൽ തീസീസ് അവതരിപ്പിച്ചു. ജൂറിയിൽ ഡോ. അജിത്ത് ടി. എ. (പ്രൊഫസർ ബയോകെമിസ്ട്രി, അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, ഡോ. മനുരാജ് (പ്രൊഫസർ ആന്റ് സീനിയർ കൺസൾട്ടന്റ്, ഡിവിഷൻ ഓഫ് പീഡിയാട്രിക് കാർഡിയോളജി ആന്റ് പബ്ലിക്ക് ഹെൽത്ത് റിസേർച്ച്) എന്നിവരായിരുന്നു.

**6. അഭിനന്ദനങ്ങൾ... ആശംസകൾ...**

- ഓസ്ട്രേലിയിലെ വിയന്നയിൽ വെച്ച് നടന്ന വാർഷിക സമ്മേളനത്തിൽ ഗൈനക്കോളജി വിഭാഗത്തിലെ പ്രൊഫസർ ഡോ. അശ്വത് കുമാർ യൂറോപ്യൻ സൊസൈറ്റി ഓഫ് ഗൈനിക് എൻഡോസ്കോപ്പിയിൽ ലാപ്പറോസ്കോപ്പിക് ഇൻബാഗ് മോർസ്സെലേഷൻ അവതരിപ്പിച്ചു.
- യു.കെ. ഗ്ലാസ്ഗോയിൽ നടന്ന യൂറോപ്യൻ സൊസൈറ്റി ഫോർ എമർജൻസി മെഡിസിൻ (EUSEM 2018) അന്താരാഷ്ട്ര കോൺഫറൻസിൽ സ്പീക്കർ & മോഡറേറ്റർ ആയി എമർജൻസി മെഡിസിനിലെ അസി. പ്രൊഫസർ ഡോ. വിമൽ കൃഷ്ണൻ ക്ഷണിക്കപ്പെട്ടു.
- ജൂബിലിയുടെ ന്യൂറോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ ഓൾ കേരള ന്യൂറോളജി ക്വിസ് മത്സരം ജൂബിലി മിഷൻ ആശുപത്രിയിൽ വച്ച് നടത്തി.
- സ്റ്റുഡന്റ് നഴ്സസ് അസോസിയേഷന്റെ നേതൃത്വത്തിൽ വെസ്റ്റ് ഫോർട്ട് കോളേജ് ഓഫ് നഴ്സിങ്ങിൽ നടന്ന കലോത്സവത്തിൽ ജൂബിലി മിഷൻ കോളേജ് ഓഫ് നഴ്സിങ്ങ് വിദ്യാർത്ഥികൾ രണ്ടാം സ്ഥാനം കരസ്ഥമാക്കി.
- തൂങ്കുഴി ബ്ലോക്കിലെ 'കിഡ്സ് ക്ലബ്' അംഗങ്ങൾ പ്രളയ ദുരിതാശ്വാസത്തിലേക്കു തുക സമാഹരിച്ചു, ഡയറക്ടർ ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്തിനു കൈമാറി.
- തൃശ്ശൂർ ഗവൺമെന്റ് മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ നടന്ന കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിന്റെ മൂന്നാമത് പോസ്റ്റ് ഗ്രാജ്വേറ്റ് മെഡിക്കൽ റിസേർച്ച് നാഷണൽ കോൺഫറൻസായ ത്രൈകോൺ 2018–ൽ അണ്ടർ ഗ്രാജ്വേറ്റ് വിദ്യാർത്ഥികൾക്കായി നടത്തിയ പ്രബന്ധാവതരണത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളേജിലെ രണ്ടാം വർഷ എം.ബി.ബി.എസ്. വിദ്യാർത്ഥി ജോ ജോഗി കട്ടേഴം ഒന്നാം സ്ഥാനം നേടി.

**7. മെഡിക്കൽ ക്യാമ്പുകൾ**

- തൃശ്ശൂർ ലയസ് ക്ലബിന്റെ നേതൃത്വത്തിൽ അഞ്ചേരി അഭയ സദനിൽ ഒഫ്ത്താൽമോളജി ക്യാമ്പ് നടത്തി.
- പൂച്ചെട്ടി ഭാരതീയ വിദ്യാഭവന്റെ നേതൃത്വത്തിൽ വാടാനപ്പിള്ളി പള്ളിയിൽ ഓർത്തോ, ഇ.എൻ.ടി & ഒഫ്ത്താൽമോളജി ക്യാമ്പ് നടത്തി.
- ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ ചാവക്കാട് ഐ.ഡി.സി. യൂത്ത് സെന്ററിൽ ജനറൽ മെഡിസിൻ ക്യാമ്പ് നടത്തി.

- തൃശ്ശൂർ ലയൺസ് ക്ലബിന്റെ നേതൃത്വത്തിൽ കൊക്കാല ഇസ്ലാമിക് സ്കൂളിൽ ഒഫ്ത്താൽമോളജി & പിഡിയാട്രിക് ക്യാമ്പ് നടത്തി.

**8. അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ശ്രീ. എം. എ. പൊറിഞ്ചു, തൃപ്പാക്കുളം, തൃശ്ശൂർ

**9. ഡയാലിസിസിന് സംഭാവന നൽകിയവർ**

- ശ്രീ. ജോയ് ഡി. ചാണ്ടി, ചാണ്ടി ഹൗസ്, തൃശ്ശൂർ (28 ഡയാലിസിസ്)
- ശ്രീ. സ്റ്റെറിഷ്വിൻ ഡൊമിനിക്, പള്ളിക്കുന്നത്ത് ഹൗസ്, വാടാനപ്പിള്ളി, തൃശ്ശൂർ (14 ഡയാലിസിസ്)
- ഡോ. ഡേവിസ് കണ്ണംമ്പുഴ, കാത്തലിക് ആർച്ച്ഡയോസിസ് ഓഫ് തൃശ്ശൂർ (14 ഡയാലിസിസ്)
- പറമ്പൻസ് ടൈൽ പോയിന്റ്, ചാവക്കാട്, തൃശ്ശൂർ (20 ഡയാലിസിസ്)
- ശ്രീമതി മേരി കുര്യൻ, തരകൻ ഹൗസ്, തൃശ്ശൂർ (50 ഡയാലിസിസ്)

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

1. **ബാച്ചിലർ ഓഫ് വൊക്കേഷൻ (ബി.വോക്.) കോഴ്സുകൾ**

സെന്റ് തോമസ് കോളേജിലെ ജന്തുശാസ്ത്ര വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഫോറൻസിക് സയൻസ് എന്ന ബിരുദ കോഴ്സും സ്റ്റാറ്റിസ്റ്റിക്സ് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ ഡാറ്റാ സയൻസ് എന്ന ബിരുദ കോഴസും ആരംഭിച്ചു. പ്രിൻസിപ്പാൾ ഡോ. ഇഗ്നേഷ്യസ് ആന്റണി അദ്ധ്യക്ഷത വഹിച്ച യോഗം, എക്സിക്യൂട്ടീവ് മാനേജർ ഫാ. വർഗ്ഗീസ് കൂത്തൂർ ഉദ്ഘാടനം ചെയ്തു. ഫോറൻസിക് ലാബ് റിട്ട. അസി. ഡയറക്ടർ അന്നമ്മ ജോൺ, ഡോ. സാബു പി. ജോൺ എന്നിവർ പുതുതായി ആരംഭിച്ച കോഴ്സുകളുടെ പ്രാധാ

ന്യവും തൊഴിൽ സാധ്യതയും സംബന്ധിച്ച് സംസാരിച്ചു.

2. **ശതാബ്ദി വർഷത്തിൽ ഫിനി ഷിംഗ് സ്കൂൾ**

ശതാബ്ദി ആഘോഷിക്കുന്ന സെന്റ് തോമസ് കോളേജ്, അവിടെ അദ്ധ്യയനം നടത്തുന്ന കുട്ടികളിൽ നിന്നും തെരഞ്ഞെടുത്തവരെ അവരുടെ ഭാവിജീവിതത്തിൽ സമൂഹത്തിലും ജോലി സ്ഥലത്തും മികവു പുലർത്തുന്നവരാക്കി വളർത്തിയെടുക്കുക എന്ന ഉദ്ദേശ്യത്തോടെ ഫിനിഷിംഗ് സ്കൂൾ പദ്ധതിക്കു രൂപം കൊടുത്തു. ഗ്ലോബൽ എന്റർപ്രണർഷിപ്പ് മോണിറ്റർ ടീം ലീഡറും ബാങ്കോക്ക് യൂണിവേഴ്സിറ്റി റിസർച്ചറുമായ ഡോ. ഉൾറിയ ഗീലിക്കിക് ഫിനിഷിംഗ് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകി. കോളേജ് മാനേജർ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ പ്രിൻസിപ്പാൾ ഡോ. ഇഗ്നേഷ്യസ് ആന്റണി അദ്ധ്യക്ഷനായിരുന്നു. വൈസ് പ്രിൻസിപ്പാൾ റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത് ആശംസകളർപ്പിച്ചു.

3. **നവീകരിച്ച കമ്പ്യൂട്ടർ ലാബും ക്ലാസ് റൂമും വെഞ്ചിരിച്ചു.**

കൊമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ നവീകരിച്ച കമ്പ്യൂട്ടർ ലാബിന്റെ ബിവോക് ക്ലാസ്സുകൾക്കായി ക്രമീകരിച്ച ക്ലാസ്റൂമുകളുടെയും വെഞ്ചിരിപ്പ്, എക്സിക്യൂട്ടീവ് മാനേജർ ഫാ. വർഗ്ഗീസ് കൂത്തൂർ നിർവഹിച്ചു. പ്രിൻസിപ്പാൾ ഡോ. ഇഗ്നേഷ്യസ് ആന്റണി, വൈസ് പ്രിൻസിപ്പാൾമാരായ ഡോ. തോമസ് പോൾ കാട്ടൂക്കാരൻ, ഡോ. മാർട്ടിൻ കൊളമ്പ്രത്ത്, ഡോ. കെ.എൽ. ജോയി, ഡോ. ബിജു ജോൺ, ഡോ. സജേഷ് എന്നിവർ സന്നിഹിതരായിരുന്നു.

4. **സെന്റ് തോമസ് കോളേജിൽ ഫിലിം ഫെസ്റ്റിവൽ**

സെന്റർ ഫോർ മീഡിയ സ്റ്റഡീസിന്റെയും ഫെഡറേഷൻ ഓഫ് ഫിലിം സൊസൈറ്റി ഓഫ് തൃശൂർ-ന്റെയും സംയുക്താഭിമുഖ്യത്തിൽ ഫിലിം ഫെസ്റ്റിവൽ സെന്റ് തോമസ് കോളേജിൽ സംഘടിപ്പിച്ചു. പ്രിൻസിപ്പാൾ ഡോ. ഇഗ്നേഷ്യസ് ആന്റണി അദ്ധ്യക്ഷത വഹിച്ച യോഗം ബഹു. കേരള സംസ്ഥാന കൃഷിവകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. രണ്ട് സ്ക്രീനുകളിലായി 169 ഹ്രസ്വ ചിത്രങ്ങൾ മൂന്നു ദിവസങ്ങളിലായി പ്രദർശിപ്പിച്ചു.

**ഡോ. ഡെയ്സൺ പാണേങ്ങാടൻ**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ബർസാർ &
എക്സിക്യൂട്ടീവ് മാനേജർ




## മഹാജൂബിലി ട്രെയിനിംഗ് കോളേജ്

1. **സ്മാർട്ട് ക്ലാസ് സന്ദർശിച്ചു** : അധ്യാപനത്തിൽ സ്മാർട്ട് ക്ലാസ്സിന്റെ പ്രാധാന്യം മനസ്സിലാക്കാനായി മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ ഒന്നാംവർഷ വിദ്യാർത്ഥികൾ 24-10-2018 ബുധനാഴ്ച മുള്ളൂർക്കര ഹോളിക്രോസ് സ്കൂളിലേക്ക് സന്ദർശനം നടത്തി.
2. **ആദരാഞ്ജലികൾ അർപ്പിച്ചു** : 29-10-2018 തിങ്കളാഴ്ച അന്തരിച്ച മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ പ്രിൻസിപ്പാൾ ഫാ.ചാക്കോ ചിറമ്മലിന്റെ പിതാവ് ശ്രീ.സി.എം.ജോസിന് കോളേജ് അധ്യാപകരും അനധ്യാപകരും വിദ്യാർത്ഥികളും ശവസംസ്കാര ചടങ്ങിൽ പങ്കെടുത്ത് ആദരാഞ്ജലികൾ അർപ്പിച്ചു.
3. **ടൈംസ് ഓഫ് ഇന്ത്യ വരിക്കാരായി** : ഇംഗ്ലീഷ് ഭാഷാനൈപുണി വികസിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജ് വിദ്യാർത്ഥികൾ ടൈംസ് ഓഫ് ഇന്ത്യ വരിക്കാരായി.
4. **മോഡൽ പരീക്ഷ സമാപിച്ചു** : മഹാജൂബിലി ബി.എഡ്. ട്രെയിനിംഗ് കോളേജിലെ 1-ാം വർഷ വിദ്യാർത്ഥികളുടെ മോഡൽ പരീക്ഷ 10-11-2018 തിങ്കളാഴ്ച ആരംഭിച്ച് 16-11-2018 വെള്ളിയാഴ്ച സമാപിച്ചു.
5. **സഹവാസ ക്യാമ്പ് നടത്തി** : മഹാജൂബിലി ബി.എഡ്. ട്രെയിനിംഗ് കോളേജിലെ 2-ാം വർഷ വിദ്യാർത്ഥികളുടെ സഹവാസ ക്യാമ്പ് 26-11-2018 മുതൽ 29-11-2018 വരെയുള്ള ദിവസങ്ങളിൽ നടത്തി.
6. **ടീച്ചിംഗ് പ്രാക്ടീസ് സമാപിച്ചു** : മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ 2-ാം വർഷ വിദ്യാർത്ഥികളുടെ ടീച്ചിംഗ് പ്രാക്ടീസ് 21-11-2018 ബുധനാഴ്ച സമാപിച്ചു.
7. **ഉപജില്ലാ മത്സരത്തിൽ പങ്കെടുത്തു** : 31-10-2018 ബുധനാഴ്ച ഗവ.ഗോൾഡ് എച്ച്.എസ്.എസിലും, സെന്റ് പയസ് യു.പി സ്കൂളിലും നടന്ന ഉപജില്ലാ മത്സരത്തിൽ മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ വിദ്യാർത്ഥികൾ പങ്കാളികളായി.
8. **പ്രാരംഭ അധ്യാപന പരിശീലനം നടത്തി :** മഹാജൂബിലി ബി.

എഡ് ട്രെയിനിംഗ് കോളേജിലെ 1–ാം വർഷ വിദ്യാർത്ഥികൾ പ്രാരംഭ അധ്യാപന പരിശീലനത്തിന്റെ ഭാഗമായി 26–11–2018 തിങ്കൾ മുതൽ 29–11–2018 വരെയുള്ള ദിവസങ്ങളിൽ വിവിധ സ്കൂളുകളിലേക്ക് സന്ദർശനം നടത്തി.

9. **വിദ്യാർത്ഥികളെ അനുമോദിച്ചു** : ഊർജസംരക്ഷണം എന്ന വിഷയത്തോടനുബന്ധിച്ച് ഒറ്റപ്പാലം എൻ.എസ്.എസ്. ബി.എഡ്. ട്രെയിനിംഗ് കോളേജിൽ നടത്തിയ ഉപന്യാസ മത്സരത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കിയ ശ്രീലക്ഷ്മി സി. വിജയകുമാറിനെയും, ക്വിസ് മത്സരത്തിൽ പങ്കെടുത്ത എൽസ മരിയ സെബാസ്റ്റ്യൻ, ജിൻസി. ജെ. ജോർജ്ജ്, മഞ്ജുഷ. ബി എന്നിവരെയും 23–10–2018 ചൊവ്വാഴ്ച പ്രിൻസിപ്പാൾ ഫാ.ചാക്കോ ചിറമ്മൽ സർട്ടിഫിക്കറ്റ് നൽകി അനുമോദിച്ചു.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പാൾ

**ഫാ. ബാബു അപ്പാടൻ**
അസി.മാനേജർ

# കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ ............ (2018 ഡിസംബർ)**

| | | |
|---|---|---|
| 1 | (ശനി) | – ലോക എയ്ഡ്സ് ദിനം |
| 3 | (തിങ്കൾ) | – വി. ഫ്രാൻസീസ് സേവ്യർ<br>അന്താരാഷ്ട്ര വികലാംഗദിനം |
| 6 | (വ്യാഴം) | – ഡോ. ബി. ആർ. അംബേദ്കർ ദിനം |
| 7 | (വെള്ളി) | – ആദ്യവെള്ളി, വി. കുർബാന<br>സായുധസേനാ പതാകദിനം |
| 8 | (ശനി) | – മാതാവിന്റെ അമലോത്ഭവതിരുനാൾ |
| 10 | (തിങ്കൾ) | – മനുഷ്യാവകാശദിനം |
| 13 | (വ്യാഴം) | – മാർ ആൻഡ്രൂസ് താഴത്ത് ജന്മദിനം |
| 25 | (ചൊവ്വ) | – ക്രിസ്തുമസ് |

28 (വെള്ളി) – കുഞ്ഞിപ്പൈതങ്ങൾ

30 (ഞായർ) – തിരുക്കുടുംബം

**2. ഉദ്യോഗനിയമന പരീക്ഷ**

വിദ്യാലയങ്ങളുള്ള ഇടവകകളിൽനിന്നുള്ള ബി.എഡ്, ടി.ടി.സി. യോഗ്യതയുള്ളവരുടെയും, നോൺടിച്ചിങ്ങ് സ്റ്റാഫിനുള്ള യോഗ്യതയുള്ളവരുടെയും ഉദ്യോഗനിയമനത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചു. 2018 ഡിസംബർ 8ന് ശനിയാഴ്ച്ച രാവിലെ 9:30 ന് ഇവർക്കുള്ള പരീക്ഷകൾ തൃശ്ശൂർ സെന്റ് തോമസ് കോളേജ് ഹയർസെക്കണ്ടറി സ്കൂളിൽവെച്ച് നടത്തുന്നതാണ്.

**3. ഉപദേശക സമിതിയോഗം**

മോൺ. തോമസ് കാക്കശ്ശേരിയുടെ അദ്ധ്യക്ഷതയിൽ 5–11–2018ന് വൈകീട്ട് 4 മണിക്ക് ആർച്ച്ബിഷപ്പ്സ് ഹൗസിൽ വെച്ച് കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസിയുടെ ഉപദേശക സമിതിയോഗം കൂടുകയുണ്ടായി. പള്ളികളുടെ നേമിനേഷൻസ് ലിസ്റ്റ് വായിച്ചു. അതുപ്രകാരം ബി.എഡ്, ടി.ടി.സി. യോഗ്യതയുള്ള അദ്ധ്യാപകരുടെയും യോഗ്യതയുള്ള അനദ്ധ്യാപകരുടെയും പരീക്ഷയും ഇന്റർവ്യുവും നടത്തി റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിക്കുവാൻ തീരുമാനിച്ചു. ഏജൻസിയുടെ 2017–2018 സാമ്പത്തികവർഷത്തെ കണക്കുകൾ വായിച്ചു പാസ്സാക്കി.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
കോർപറേറ്റ് മാനേജർ

# സാന്ത്വനം

1. **കിൻഡർ മിഷൻ പ്രോജക്റ്റ്** : പ്രളയം കൂടുതൽ ബാധിച്ച വില്ലേജുകളിലെ കുട്ടികൾക്ക് വേണ്ടി തൃശ്ശൂർ ജില്ലയിൽ കാരിത്താസ് ഇന്ത്യയും തൃശ്ശൂർ അതിരൂപത സോഷ്യൽ അപ്പസ്തോലേറ്റ് സെന്ററും കൂടി ചേർന്ന് “കിൻഡർ മിഷൻ” പ്രോജക്ട് ആരംഭിച്ചു. എറവ്, മണലൂർ, ചിറക്കൽ, ആലപ്പാട് എന്നീ പ്രദേശങ്ങളെയാണ് പ്രോജക്ടിനായി തെരഞ്ഞെടുത്തത്.
2. **ചൈൽഡ് ഫ്രണ്ട്ലി സ്പെയ്സ്** : കിൻഡർ മിഷന്റ ഭാഗമായി എറവ്, മണലൂർ, ചിറക്കൽ, ആലപ്പാട് എന്നിവിടങ്ങളിൽ ചൈൽഡ് ഫ്രണ്ട്ലി സ്പെയ്സ് ആരംഭിച്ചു. പ്രളയ ബാധിത പ്രദേശത്തെ

കുട്ടികൾക്ക് ഒരുമിച്ചു കൂടാനും അവരുടെ മാനസികവും കായികവുമായ ഉണർവ്വിനും വേണ്ടിയുള്ള വേദിയാണ് ചൈൽഡ് ഫ്രണ്ട്‌ലി സ്പെയ്സ്.

3. **കിൻഡർ മിഷൻ റിവ്യൂ മീറ്റിങ്ങ് സംഘടിപ്പിച്ചു** : തൃശ്ശൂർ ജില്ലയിൽ കാരിത്താസ് ഇന്ത്യയും തൃശ്ശൂർ അതിരൂപത സോഷ്യൽ അപ്പസ്തോലേറ്റ് സെന്ററും കൂടി ചേർന്ന് ആരംഭിച്ച "കിൻഡർ മിഷൻ" പ്രോജക്ടിന്റെ റിപ്പോർട്ട് പ്രസന്റേഷൻ ഫാമിലി അപ്പസ്തോലേറ്റിൽവെച്ച് നടന്നു. മീറ്റിങ്ങിൽ കാരിത്താസ് ഇന്ത്യ ചൈൽഡ് റൈറ്റ്സ് & അഡ്വോക്കസി മാനേജർ മിസ്.ലീ മാക്വീൻ, കാരിത്താസ് ഇന്ത്യ സൗത്ത് സോൺ കോർഡിനേറ്റർ ശ്രീ. അബീഷ് ആന്റണി, കോട്ടപ്പുറം, ഇരിഞ്ഞാലക്കുട രൂപതകളിലെ സാമൂഹ്യപ്രവർത്തനകേന്ദ്രങ്ങളിലെ ഡയറക്ടർമാർ, കോർഡിനേറ്റർമാർ, വളണ്ടിയർമാർ തുടങ്ങിയവർ പങ്കെടുത്തു.
4. **രജിസ്ട്രേഷൻ പുതുക്കി** : സാന്ത്വനം സോഷ്യൽ അപ്പസ്തോലേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന സോഷ്യൽ ആക്ഷൻ, സോഷ്യൽ വെൽഫെയർ സെന്റർ, സോഷ്യൽ സെന്റർ ഹൗസിങ്ങ് എന്നീ സൊസൈറ്റികളുടെ വാർഷികപൊതുയോഗം നടത്തി ഓഡിറ്റ് ചെയ്ത കണക്കുകൾ വായിച്ച് പാസ്സാക്കുകയും രജിസ്ട്രേഷൻ നിശ്ചിതസമയത്തുതന്നെ പുതുക്കുകയും ചെയ്തു.
5. **കണ്ടശ്ശാംകടവിൽ ഭവനം ആശീർവദിച്ചു** : സാന്ത്വനത്തിന്റെ നേതൃത്വത്തിൽ, മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മെത്രാഭിഷേകസ്മാരകമായി, കണ്ടശ്ശാംകടവിൽ ശ്രീ. ജോൺ വലപ്പാട്ടുകാരനുവേണ്ടി നിർമ്മിച്ച ഭവനം മാർ ടോണി പിതാവ് ആശീർവദിച്ച് താക്കോൽദാനം നിർവ്വഹിച്ചു. തദവസരത്തിൽ സ്വിഫ്റ്റ് കുറീസ് മാനേജിങ്ങ് ഡയറക്ടർ ശ്രീ. പി.ജെ ജോണി, വീട് നിർമ്മാണത്തിന്റെ അവസാനഗഡുവായ അമ്പതിനായിരം രൂപയുടെ ചെക്ക് ശ്രീ. ജോൺ വലപ്പാട്ടുകാരന് നല്കുകയുണ്ടായി. സാന്ത്വനം ഡയറക്ടർ റവ.ഫാ. തോമസ് പൂപ്പാടി, സാന്ത്വനം ഗവേണിങ്ങ് ബോഡി മെമ്പർ ശ്രീ. എ. എ ആന്റണി, കണ്ടശ്ശാംകടവ് പള്ളി അസി. വികാരി, കമ്മിറ്റി അംഗങ്ങൾ എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.
6. **എരുമപ്പെട്ടിയിൽ ശിലാസ്ഥാപനം നടത്തി** : അഭിവന്ദ്യ മാർ ടോണി പിതാവിന്റെ മെത്രാഭിഷേകസ്മാരകമായി നിർമ്മിക്കപ്പെടുന്ന 5–ാമത്തെ ഭവനത്തിന്റെ ശിലാസ്ഥാപനം എരുമപ്പെട്ടിയിൽ സഹായമെത്രാൻ നിർവ്വഹിച്ചു. സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി, ഇടവകവികാരി റവ.ഫാ. ജോയ് അടമ്പുകുളം, കൈക്കാരന്മാർ, കമ്മിറ്റിയംഗങ്ങൾ എന്നിവർ പങ്കെടുത്തിരുന്നു. എരുമപ്പെട്ടി ഇടവകാംഗമായ നെടുനിലത്തിൽ തോമസ് മകൻ ജിൻസാണ് വീട് നിർമ്മിക്കാൻ സ്ഥലം ദാനമായി നല്കിയത്.

7. **മോണിറ്ററിംഗ് വിസിറ്റ് നടത്തി :** പുതുക്കാട് റീജിയണിലെ തലോർ, മണ്ണംപേട്ട ഇടവകളിൽപെട്ട 4 ഭവനങ്ങളിൽ കോ-ഓർഡിനേറ്റർ, ആനിമേറ്റർ എന്നിവർ അടങ്ങിയ ടീം സന്ദർശിക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്തു. ഓരോ കുടുംബങ്ങളും പിൻവലിക്കുന്ന തുകയുടെ ശരിയായ വിനിയോഗം, വരുമാന വർദ്ധക സംരംഭങ്ങളുടെ വികസനം എന്നിവയെക്കുറിച്ച് കോഡിനേറ്റർ നിർദ്ദേശങ്ങൾ നല്കുകയും ഇക്കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ നല്കണമെന്ന് ഓർമ്മിപ്പിക്കുകയും ചെയ്തു.
8. **ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും** : അടാട്ട്-Rs.31,565/-, കോലഴി-Rs.12,000/-, ഇരവിമംഗലം-Rs.30,000/-, മുല്ലക്കര-Rs.55,000/-, ചൂണ്ടൽ-Rs.15,000/-, കൂനംമൂച്ചി-Rs.5,000/-, പുതുക്കാട്-Rs.11,000/-. നെല്ലിക്കുന്ന്-Rs.25,000/-, കൊട്ടേക്കാട്-Rs.5,000/-, പെരിങ്ങോട്ടുകര-Rs.5,000/-, വാക-Rs.5,000/-, വെളുത്തൂർ-Rs.15,000/-.
9. **സ്നേഹനിധി മേഖലാതലസംഗമം** : സ്നേഹനിധിയുടെ മേഖലാതലസംഗമവും ഫൊറോനതല തെരഞ്ഞെടുപ്പും അതിരൂപത തെരഞ്ഞെടുപ്പും ഡിസംബറിൽ നടക്കുന്നു. ഡിസംബർ 4-ാം തീയ്യതി ലൂർദ്ദ് മേഖലയുടെ കീഴിലുള്ള ലൂർദ്ദ്, ബസിലിക്ക, പട്ടിക്കാട്, കൊട്ടേക്കാട് എന്നീ ഫൊറോനകളിലെയും, 5-ാം തീയ്യതി ഒല്ലൂർ മേഖലയുടെ കീഴിലുള്ള ഒല്ലൂർ, പുത്തൂർ, പുതുക്കാട്, പഴുവിൽ എന്നീ ഫൊറോനകളിലെയും, 6-ാം തീയ്യതി പറപ്പൂർ മേഖലയുടെ കീഴിലുള്ള പറപ്പൂർ, പാലയൂർ, മറ്റം, കണ്ടശ്ശാംകടവ് എന്നീ ഫൊറോനകളിലെയും, 7-ാം തീയ്യതി ചേലക്കര മേഖലയുടെ കീഴിലുള്ള ചേലക്കര, എരുമപ്പെട്ടി, വടക്കാഞ്ചേരി, വേലൂർ എന്നീ ഫൊറോനകളിലെയും യൂണിറ്റ് ഭാരവാഹികളും കമ്മിറ്റിയംഗങ്ങളുമാണ് പങ്കെടുക്കേണ്ടത്. യോഗസമയം: ഉച്ചക്ക് 2 മണി.
10. **സ്നേഹനിധി വാർഷിക പൊതുയോഗം നടത്തി** : കല്ലൂർ ഈസ്റ്റ്, പൊന്നൂക്കര, വെണ്ടോർ എന്നീ യൂണിറ്റുകളിൽ വാർഷികപൊതുയോഗം നടന്നു. സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി ഉദ്ഘാടനം ചെയ്ത യോഗത്തിൽ ഇടവക വികാരിമാർ അധ്യക്ഷത വഹിച്ചു. യോഗത്തിൽ കഴിഞ്ഞ വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും കണക്കുകൾ അവതരിപ്പിച്ച് പാസാക്കുകയും ചെയ്തു.
11. **കരുതൽ ക്ഷേമപദ്ധതി** : സ്നേഹനിധി അംഗങ്ങൾക്കു വേണ്ടിയുള്ള കരുതൽ ക്ഷേമപദ്ധതിയിൽ നിന്നും 241 അംഗങ്ങൾക്കായി 12,90,890 രൂപ സഹായം നല്കി. 155 പേർക്ക് വിവാഹസഹായവും 68 പേർക്ക് ചികിത്സാസഹായവും 18 പേർക്ക് മരണാനന്തരസഹായവുമാണ് നല്കിയത്.

**12. SHG–ബേസിക് ആക്ഷൻ ടീം മീറ്റിംഗ് നടന്നു :** കണ്ണാറ, വലക്കാവ്, വെട്ടുകാട്, വെള്ളാനിക്കോട്, കല്ലൂർ ഈസ്റ്റ്, പെരിഞ്ചേരി എന്നീ സ്ഥലങ്ങളിൽ ബേസിക് ആക്ഷൻ ടീം മീറ്റിംഗ് നടന്നു. സാന്ത്വനം MEDP യുടെ സഹകരണത്തോടെ കല്ലൂർ ഈസ്റ്റ് SHG യിൽ പ്രവർത്തിച്ചുവരുന്ന മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് സാന്ത്വനം ടീമംഗങ്ങൾ സന്ദർശിക്കുകയുണ്ടായി.

**13. വീണ്ടശ്ശേരി GRACE സ്വയം സഹായസംഘത്തിന്റെ വാർഷികം ആഘോഷിച്ചു :** വീണ്ടശ്ശേരി ഇടവകാതിർത്തിയിൽസ്ഥാപിതമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഗ്രേസ് പുരുഷ സ്വയം സഹായസംഘത്തിന്റെ നാലാം വാർഷികാഘോഷവും കുടുംബസംഗമവും വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. വികാരി റവ.ഫാ.ഡൊമിനിക് ചാഴൂർ അദ്ധ്യക്ഷത വഹിച്ച പൊതുസമ്മേളനം സാന്ത്വനം ഡയറക്ടർ ഫാ.തോമസ് പൂപ്പാടി ഉദ്ഘാടനം ചെയ്തു.

**ഫാ.തോമസ് പൂപ്പാടി**
ഡയറക്ടർ

FAMILY APOSTOLATE CENTRE THRISSUR



# ഫാമിലി അപ്പോസ്റ്റലേറ്റ്

**1. 2017 ൽ വിവാഹിതരായവരുടെ കൂട്ടായ്മ**
**ഡിസംബർ 2, ഞായർ – തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ്**
തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ 2017 ൽ വിവാഹിതരായവരുടെ കൂട്ടായ്മ ഡിസംബർ 2–ാം തിയ്യതി ഞായറാഴ്ച്ച ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. 2017 ൽ വിവാഹിതരായ എല്ലാ ദമ്പതികളും ഈ കൂട്ടായ്മയിൽ സംബന്ധിക്കേണ്ടതാണ്. ജീവിതപങ്കാളി ഒരാൾ മാത്രമേ നാട്ടിൽ ഉള്ളൂ എങ്കിലും സംബന്ധിക്കാവുന്നതാണ്. സമയം രാവിലെ 9.00 മണിക്ക് റജിസ്ട്രേഷൻ 9.30 മുതൽ 1.00 മണി വരെയായിരിക്കും ഈ സംഗമം. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

2. **വിവാഹരജത ജൂബിലി**
**ഡിസംബർ 8, ശനി – തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ**
1993 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 25 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ രജതജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 8–ാം തിയ്യതി രാവിലെ 9 മണിക്ക് റജിസ്ട്രേഷൻ ആരംഭിക്കുകയും തുടർന്ന് അനുഗ്രഹപ്രഭാഷണം റവ. ഡോ. വിൻസെന്റ് കുണ്ടുകുളം നടത്തുകയും 11.00 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. 1993 ൽ വിവാഹിതരായി രജതജൂബിലി ആഘോഷിക്കുന്ന എല്ലാ ദമ്പതികളും പങ്കെടുക്കാനായി ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

3. **വിവാഹസുവർണ്ണ ജൂബിലി**
**ഡിസംബർ 15, ശനി – തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ**
1968 ൽ വിവാഹിതരായി ദാമ്പത്യജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 50 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 15–ാം തിയ്യതി ശനിയാഴ്ച രാവിലെ 9 മണിക്ക് റജിസ്ട്രേഷൻ ആരംഭിക്കുകയും തുടർന്ന് അനുഗ്രഹപ്രഭാഷണം റവ. ഫാ. വർഗ്ഗീസ് കൂത്തൂർ നടത്തുകയും 11.00 ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്. 1968 ൽ വിവാഹിതരായി സുവർണ്ണജൂബിലി ആഘോഷിക്കുന്ന എല്ലാ ദമ്പതികളും പങ്കെടുക്കാനായി ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

4. **നവദമ്പതിസംഗമം – ഡിസംബർ 23 ഞായർ**
ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ നവദമ്പതികളുടെ പത്താമത്തെ കൂട്ടായ്മയാണ് ഡിസംബർ 23–ാം തിയ്യതി ഞായറാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നത്. 2018 ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ, നവംബർ മാസങ്ങളിൽ വിവാഹിതരായവരാണ് ഈ കൂട്ടായ്മയിൽ പങ്കെടുക്കേണ്ടത്. സമയം രാവിലെ 9.30 മുതൽ 1.00 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

**ഫാ. ജിയോ തെക്കിനിയത്ത്**
അസോ. ഡയറക്ടർ

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ




**1. അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹി മത്സര വിജയികൾ**

**നിമിഷപ്രസംഗം**

1–ാം സമ്മാനം – ആന്റണി കെ.എൽ, വലപ്പാട് ഇടവക പഴുവിൽ ഫൊറോന.

2–ാം സമ്മാനം – ജിജൊ ജോർജ്ജ്, പുറനാട്ടുകര ഇടവക, പറപ്പൂർ ഫൊറോന.

3–ാം സമ്മാനം – റാഫി ഇ.ടി, പാലയൂർ ഇടവക & ഫൊറോന.

**പുത്തൻപാന പാരായണം**

1–ാം സമ്മാനം – ഗിൽമറ്റ് അലക്സ്, ഒല്ലൂർ ഇടവക & ഫൊറോന.

2–ാം സമ്മാനം – മത്തായി കളപ്പറമ്പത്ത്, പട്ടിക്കാട് ഇടവക & ഫൊറോ ന.

3–ാം സമ്മാനം – ലിസി ഷാജൻ, എരുമപ്പെട്ടി ഇടവക & ഫൊറോന.

**സംഘഗാനം**

1–ാം സമ്മാനം – പട്ടിക്കാട് ഇടവക, പട്ടിക്കാട് ഫൊറോന: ഷാജൻ ചുങ്കത്ത്, മത്തായി കളപ്പറമ്പത്ത്, ഡെയ്സൺ വട്ടേക്കാട്ടുക്കര, ഷീന സജി, വിനീത ഡെയ്സൺ, ടിജി ഷാജി, ഷൈനി ജോസ്.

2–ാം സമ്മാനം – പനമുക്ക് ഇടവക, ബസിലിക്ക ഫൊറോന: ജോൺസൻ കൂടലി, പ്രിൻസി ജോൺ, ജ്വൽ പോൾ, പ്രിൻസി ജെബിൻ, േ ശ ാ ഭ ഡോൺബോസ്കോ, ജെഫിൻ ജോസ്, തരുൺ ഡേവീസ്

3–ാം സമ്മാനം – പുതുക്കാട് ഇടവക, പുതുക്കാട് ഫൊറോന: കുമാരി ജോൺ, ജയ്സി ജോൺസൺ, പ്രിയ ജോസ്, ബിന്ദു ടോണി, ഡെയ്സി ജോസഫ്, ബിന്ദു ബാബു, ആലീസ്

**പ്രബന്ധരചന**

1–ാം സമ്മാനം – ഹെലൻ ഷോബി, വടക്കൻ പുതുക്കാട് ഇടവക, കണ്ടശ്ശാംകടവ് ഫൊറോന.

2–ാം സമ്മാനം – റീമ ടോമി, പാവറട്ടി ഇടവക, പാലയൂർ ഫൊറോന.
3–ാം സമ്മാനം – വിജി സജു, വെസ്റ്റ് ഫോർട്ട് ഇടവക, ബസിലിക്ക ഫൊറോന.
3–ാം സമ്മാനം – ബെറ്റ്സി സോണി, മുണ്ടൂർ ഇടവക, കൊട്ടേക്കാട് ഫൊറോന.

**ചെറുകഥ**

1–ാം സമ്മാനം – ജിജോ ജോർജ്ജ്, പുറനാട്ടുകര ഇടവക, പറപ്പൂർ ഫൊറോന.
2–ാം സമ്മാനം – ശോഭന തോമസ് പോൾ, അയ്യന്തോൾ ഇടവക, ബസിലിക്ക ഫൊറോന.
3–ാം സമ്മാനം – ജാൻസി ജോയ്, എരുമപ്പെട്ടി ഇടവക & ഫൊറോന.

**കവിതാ രചന**

1–ാം സമ്മാനം – റീന ജെയ്സൺ, മണ്ണംപേട്ട ഇടവക, പുതുക്കാട് ഫൊറോന.
2–ാം സമ്മാനം – മിനി രാജൻ, പൊന്നൂക്കര ഇടവക, പുത്തൂർ ഫൊറോന.
3–ാം സമ്മാനം – ബാബു ജോർജ്ജ്, എരുമപ്പെട്ടി ഇടവക & ഫൊറോന.

മത്സരത്തിൽ പങ്കെടുത്തവർക്കും സമ്മാനർഹരായവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ. സമ്മാന വിതരണം പിന്നീട് നടത്തുന്നതായിരിക്കും.

**2. അനുശോചനം**

ബസിലിക്ക ഫൊറോനയിലെ ഒളരിക്കര ഇടവക വി. കൊച്ചുത്രേസ്യ കുടുംബകൂട്ടായ്മയുടെ പ്രസിഡണ്ട് കാഞ്ഞിരത്തിങ്കൽ ആന്റണി മകൻ മാത്യുവിന്റെയും ലൂർദ്ദ് ഫൊറോനയിലെ ലൂർദ്ദ് ഇടവക സെന്റ് ജോർജ്ജ് കുടുംബകൂട്ടായ്മയുടെ പ്രസിഡണ്ട് പ്ലാവില മാനുവൽ മകൻ ദേവരാജ് മാസ്റ്റർ (ജോസഫ്) ന്റെയും നിര്യാണത്തിൽ അതിരൂപത കുടുംബകൂട്ടായ്മ അനുശോചനം രേഖപ്പെടുത്തുകയും അതിരൂപത കുടുംബകൂട്ടായ്മയ്ക്കുവേണ്ടി ജനറൽ കൺവീനർ ശ്രീ. എ. എ. ആന്റണി, സെക്രട്ടറി ശ്രീ. പോൾ പാറക്കൽ, ട്രഷറർ ശ്രീ. ഷിന്റോ മാത്യു എന്നിവർ ചേർന്ന് റീത്ത് സമർപ്പിക്കുകയും ഡയറക്ടർ ഡെന്നി താണിക്കലച്ചൻ ഒപ്പീസ് പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകുകയും ചെയ്തു.

**3. കുട്ടികൂട്ടായ്മ ഭാരവാഹികളുടെയും ആനിമേറ്റേഴ്സിന്റെയും സംഗമം - ഡിസംബർ 8 ശനി, 2.30 pm**

അതിരൂപതയിലെ കുടുംബകൂട്ടായ്മയുടെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള കുട്ടികൂട്ടായ്മ ഭാരവാഹികളുടെയും ആനിമേറ്റേഴ്സിന്റെയും സംഗമം ഡിസംബർ 8–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 ന് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തപ്പെടുന്നു. പ്രസ്തുത സംഗമത്തിലേക്ക് താൽപര്യമുള്ള എല്ലാവരേയും വികാരിയച്ചന്മാർ പറഞ്ഞയക്കുമല്ലോ.

**4. ചർച്ചാപഠനപരിശീലന ക്യാമ്പ് –ഡിസംബർ 29 ശനി, 2.30 pm**

നവംബർ മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. ജനുവരി മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാപഠനക്ലാസ്സ് ഡിസംബർ 29–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**എ.എ. ആന്റണി**
ജനറൽ കൺവീനർ

**പോൾ പാറക്കൽ**
ജനറൽ സെക്രട്ടറി



## മാതൃവേദി

**1. ക്രിസ്തുമസ്സ് ആഘോഷം**

**ഡിസംബർ 18 ചൊവ്വ (രാവിലെ 9.30 മുതൽ 4.00 വരെ)**

മാതൃവേദിയുടെ ക്രിസ്തുമസ്സ് ആഘോഷം ഡിസംബർ 18 ചൊവ്വാഴ്ച്ച രാവിലെ 9.30 മുതൽ 4.00 വരെയായിരിക്കും. ക്രിസ്തുമസ് ആഘോഷത്തിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും ഏറെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**2. സ്കിറ്റ് മത്സര വിജയികൾ**

അതിരൂപത മാതൃവേദിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട സ്കിറ്റ് മത്സരത്തിന്റെ വിജയികൾ

| | | |
|---|---|---|
| ഒന്നാം സമ്മാനം | – | പഴയന്നൂർ ഇടവക |
| രണ്ടാം സമ്മാനം | – | പൊറണാട്ടുക്കര ഇടവക |
| മൂന്നാം സമ്മാനം | – | മരത്താക്കര ഇടവക |
| പ്രോത്സാഹന സമ്മാനങ്ങൾ | – | ലൂർദ്ദ്, കോട്ടപ്പടി, ആർത്താറ്റ്, കിഴക്കേ |

ആളൂർ, പാലയൂർ, തയ്യൂർ, വരാക്കര സൗത്ത് എന്നീ ഇടവകകളാണ്.

3. **കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും ഡിസംബർ 18 ചൊവ്വ**
അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഡിസംബർ മാസത്തിൽ നടത്തേണ്ടത് പറപ്പൂർ ഫൊറോനയിലെ ഇടവകകളാണ്. ഈ ഫൊറോനയിലെ എല്ലാ മാതൃവേദി യൂണിറ്റുകാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

4. **കരോൾ ഗാന മത്സരം – ഡിസംബർ 18 ചൊവ്വ**
തൃശ്ശൂർ മാതൃവേദിയുടെ നേതൃത്വത്തിൽ ഡിസംബർ 18–ാം തിയ്യതി ചൊവ്വാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കരോൾഗാന മത്സരം ഉണ്ടായിരിക്കുന്നതാണ്. ഒരു യൂണിറ്റിൽ നിന്ന് ഒരു ടീമിന് മാത്രമേ പങ്കെടുക്കാൻ പാടുകയുള്ളൂ. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ഡിസംബർ 10 ന് മുൻപായി ഭാരവാഹികളെ അറിയിക്കേണ്ടതാണ്.

5. **കുർബാന ഒരു പഠനം–ഡിസംബർ 18 ചൊവ്വ (9.30 am – 1.00 pm)**
മാതൃവേദി അംഗങ്ങൾക്കായുള്ള കുർബാനയെക്കുറിച്ചുള്ള പഠനശിബിരം ഡിസംബർ 18–ാം തിയ്യതി ചൊവ്വാഴ്ച്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി ബീന ജോഷി**
പ്രസിഡണ്ട്

**ശ്രീമതി ജൂലി ബാബു**
സെക്രട്ടറി




# ജോൺപോൾ പ്രോലൈഫ്

1. **അനുമോദനങ്ങൾ അഭിനന്ദനങ്ങൾ :** കെ.സി.ബി.സി പ്രോലൈഫ് സമിതിയുടെ അടുത്ത രണ്ട് വർഷത്തേക്കുള്ള ഭാരവാഹികളിൽ വൈസ് പ്രസിഡണ്ടായി തിരഞ്ഞെടുത്ത തൃശ്ശൂർ അതിരൂപത പ്രോലൈഫ് മൂവ്മെന്റ് പ്രസിഡണ്ട് ശ്രീ. ജെയിംസ് ആഴ്ചങ്ങാട നും, ജോ. സെക്രട്ടറിയായി തിരഞ്ഞെടുത്ത ശ്രീ എം.എ വർഗ്ഗീസി നും തൃശ്ശൂർ പ്രോലൈഫ് സമിതിയുടെ അനുമോദനങ്ങൾ.
2. **നന്ദിയോടെ :** ഗർഭഛിദ്രം നടത്തിയവർക്കും അതിന് കൂട്ടുനിന്ന വർക്കും ഈശോയുടെ മുമ്പിൽ കരുണയാചിച്ചുകൊണ്ടുള്ള പരിഹാ രബലി തൃശ്ശൂർ അതിരൂപത ജോൺപോൾ പ്രോലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ നവംബർ 6–ാം തിയ്യതി ചൊവ്വാഴ്ച്ച രാവിലെ 10 മണിക്ക് തൃശ്ശൂർ വ്യാകുലമാതാവിൻ ബസിലിക്ക പള്ളി യിൽ നടത്തി.
3. **തിരുമണിക്കൂർ ആരാധന**
   **ഡിസംബർ 3 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**
   തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്ന വർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാന സാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധ നയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.
4. **ഏകദിന ഉപവാസ ആരാധന**
   **ഡിസംബർ 8 ശനി (രാവിലെ 10.00 മുതൽ 4.00 വരെ)**
   തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിന്റെ നേതൃ ത്വത്തിൽ ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേ ണ്ടിയും നടത്തുന്ന ഏകദിന ഉപവാസ ആരാധന ഡിസംബർ 8–ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 10 മുതൽ 4 വരെ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതാണ്.

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ



# ബൈബിൾ അപ്പസ്തൊലേറ്റ്

1. **ആനി ജോർജ്ജ് – വെരിത്താസ് വചന പ്രതിഭ**

   തൃശ്ശൂർ അതിരൂപത ബൈബിൾ അപ്പസ്തൊലേറ്റ് ഒരുക്കിയ വചനമെഴുത്ത് മത്സരത്തിൽ ഏറ്റവും കൂടുതൽ വചനങ്ങൾ ശരിയായി എഴുതിയ പറപ്പൂർ ഇടവകയിലെ ഇ വിഭാഗത്തിലെ ആനി ജോർജ്ജ് അതിരൂപത വചനപ്രതിഭയായി തിരഞ്ഞെടുക്കപ്പെട്ടു.

2. **വെരിത്താസ് ക്വിസ് – അതിരൂപത റാങ്ക് ജേതാക്കൾ**

| | | |
|---|---|---|
| **Group - A** | | |
| **1st Rank** | Christy Prince | Ammadam |
| **2nd Rank** | Leo Jose | Vadanappilly |
| **3rd Rank** | Ann Therese Lijo | Nehru Nagar |
| **Group - B** | | |
| **1st Rank** | Aleena Sojan | Perinchery |
| **2nd Rank** | Hanna Joju | Mannumpetta |
| **3rd Rank** | Viya Mariya Joju | Karamuck North |
| **Group - C** | | |
| **1st Rank** | Lineena Vibin | Vendore |
| **2nd Rank** | Neeraja Rose James | Thangalore |
| **3rd Rank** | Manju | Peace Home |
| **Group - D** | | |
| **1st Rank** | Shyji Denny | Varadiyam |
| **2nd Rank** | Giji Thomas | Thiroor |
| **3rd Rank** | Ruby George | Marathakara |
| **Group - E** | | |
| **1st Rank** | Annie George | Parappur |
| **2nd Rank** | Philomina Baby | Kannara |
| **3rd Rank** | Sherly Vincent | Pudussery |

**Group - F**

| | | |
|---|---|---|
| **1st Rank** | Dr Elsy Jose | Parempadam |
| **2nd Rank** | Rosily Augustin | Veluppadam |
| **3rd Rank** | Reetha George | Pallikunnu |

വിശദമായ റാങ്ക് ലിസ്റ്റിന് സന്ദർശിക്കുക: www.veritasquiz.org. എല്ലാവർക്കും അഭിനന്ദനങ്ങൾ....

**3. ലോഗോസ് ക്വിസ് – അതിരൂപത റാങ്ക് ജേതാക്കൾ**

**Group - A**

| | | |
|---|---|---|
| **1st Rank** | Thomas John | Westfort |
| **2nd Rank** | Amie Maria P J | Nirmalapuram |
| **3rd Rank** | Christy Prince | Ammadam |

**Group - B**

| | | |
|---|---|---|
| **1st Rank** | Minsa Mariya | Madakkathara |
| **2nd Rank** | Deva Prathab Joy | Ayyanthole |
| **3rd Rank** | Hanna Joju | Mannampetta |

**Group - C**

| | | |
|---|---|---|
| **1st Rank** | Lineena Vibin | Vendore |
| **2nd Rank** | Sr. Therese Rani Fssh | Kurumal |
| **3rd Rank** | Manju | Peace Home |

**Group - D**

| | | |
|---|---|---|
| **1st Rank** | Shaijy Denny | Varadiyam |
| **2nd Rank** | Gigi Thomas | Thiroor |
| **3rd Rank** | Ruby George | Marathkkara |

**Group - E**

| | | |
|---|---|---|
| **1st Rank** | Annie George | Parappur |
| **2nd Rank** | Philomina Baby | Kannara |
| **3rd Rank** | Piusha Antony | Kolazhy |

**Group - F**

| | | |
|---|---|---|
| **1st Rank** | Dr. Elsy Jose | Parempadam |
| **2nd Rank** | Rosily Augustin | Velupadam |
| **3rd Rank** | Rosy Varghese | Kuttur |

വിശദമായ റാങ്ക് ലിസ്റ്റിന് സന്ദർശിക്കുക: www.logosquiz.org. എല്ലാവർക്കും അഭിനന്ദനങ്ങൾ....

**4. ഇതര വെരിത്താസ് ക്വിസ് മത്സരഫലം**

ഇതര വെരിത്താസ് ക്വിസിന്റെ മത്സരഫലം 2018 നവംബർ 02ന് പ്രഖ്യാപിച്ചു. ഉത്തരങ്ങൾക്കും റിസൾട്ടിനും വെബ്സൈറ്റ് സന്ദർശിക്കുക: www.veritasquiz.org

5. **ഇതര വെരിത്താസ് ക്വിസ് റാങ്ക് ജേതാക്കൾ**

**സമർപ്പിത വെരിത്താസ് ക്വിസ്**

**1st Rank** Cheroor, St. Joseph's Convent - Sr. Isabella, Sr. Mary Rose, Sr. Lelia

**2nd Rank** Samaritan Sisters, Mannuthy - Sr.Soumya, Sr. Jisna, Sr. Steffi

**3rd Rank** Calavary Ashram, Poothole - Br. Nivin Varghese, Br. Devassy Varghese, Br. James Joseph

**ഫാമിലി വെരിത്താസ് ക്വിസ്**

**1st Rank** Varadiyam - Ponnokaran Denny & Family

**2nd Rank** Pudussery - Kakkassery Vincent & Family

**3rd Rank** Thiroor - Thaikkattil Gigi Thomas & Family

**യൂത്ത് വെരിത്താസ് ക്വിസ്**

**1st Rank** Vendore - Lineena Vibin, Neetha John, Femi P Rappai

**2nd Rank** Chittissery - Smiji Raju, Siya Joy, Tilna Paul

**3rd Rank** Chirakkal - Jisna K Joy, Maria Antony, Greena Joshy

**കാറ്റിക്കിസം വെരിത്താസ് ക്വിസ് (വിദ്യാർത്ഥികൾ)**

**1st Rank** Madakkathara - Meevel Maria, Minsa Maria, Milu Maria

**2nd Rank** Mannampetta - Hanna Joju, Agna Ouseph, Annmary Johnson

**3rd Rank** Thiroor - George Joseph, Chrisma T O, Lynn Mary Jose

**കാറ്റിക്കിസം ടീച്ചേഴ്സ് വെരിത്താസ് ക്വിസ്**

**1st Rank** Kanamakulangara - Elizabeth Davis, Nisha Thomas, Sini Thomas

**2nd Rank** Puthenpeedika - Biju A J, Seena Sunny, Sunny Ka

**3rd Rank** Mannampetta - Jithin George, Nixon P J, Jain Rose George

6. **വചനമെഴുത്ത് മത്സരം**

**Group - B**

| | | |
|---|---|---|
| **1st Rank** | Viya Maria Joju | Karamuck North |
| **2nd Rank** | Julia Rose | Varakkara |
| **3rd Rank** | Minsa Maria A A | Madakkathara |

**Group - C**

| | | |
|---|---|---|
| **1st Rank** | Lineena Vibin | Vendore |
| **2nd Rank** | Anu Antony C | Adatt |
| **3rd Rank** | Br. Bijoy Palayur | Aloor |

**Group - D**

| | | |
|---|---|---|
| **1st Rank** | Shaijy Denny | Varadiyam |
| **2nd Rank** | Ruby George | Marathakkara |
| **3rd Rank** | Gigi Thomas | Thiroor |

**Group - E**

| | | |
|---|---|---|
| **1st Rank** | Annie George | Parappur |
| **2nd Rank** | Philomina Baby | Kannara |
| **3rd Rank** | Sherly Vincent | Pudussery |

**Group - F**

| | | |
|---|---|---|
| **1st Rank** | Rosily Augustin | Velupadam |
| **2nd Rank** | Elsy Jose | Parempadam |
| **3rd Rank** | Veronica Johnson | Pudukad |

**7. ബൈബിൾ അപ്പസ്തൊലോറ്റ് അവാർഡ് ഡേ–2018**

ഈ വർഷത്തെ ബൈബിൾ അപ്പസ്തോലേറ്റ് അവാർഡ് ഡേ, 2018 ഡിസംബർ 23ന് ഞായറാഴ്ച ഉച്ചയ്ക്ക് 1.30ന് തൃശ്ശൂർ അതിരൂപത ഡി.ബി.സി.എൽ.സി. യിൽ വെച്ച് നടക്കുന്നതായിരിക്കും. മത്സരങ്ങളിൽ വിജയിച്ച ഓരോരുത്തരെയും ബഹു. വികാരിയച്ചന്മാരെയും ആനിമേറ്റേഴ്സിനെയും അവാർഡ് ദാന ചടങ്ങിലേക്ക് ഏവരേയും ഹൃദ്യമായി സ്വാഗതം ചെയ്യുന്നു.

**8. ബൈബിൾ പാരായണമാസം**

ബൈബിൾ പാരായണമാസമായി കെ. സി. ബി. സി. നിർദ്ദേശിച്ചിട്ടുള്ളത് ഡിസംബർ മാസമാണെന്ന് ഏവർക്കും അറിയാമല്ലോ. കെ. സി. ബി. സി. യുടെ താഴെ പറയുന്ന നിർദ്ദേശങ്ങൾ നിങ്ങളുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരുന്നു:

- ഒരു ദിവസം 3.5 മണിക്കൂർ വീതം ബൈബിൾ വായിച്ചാൽ ഒരു മാസം കൊണ്ട് സമ്പൂർണ്ണ ബൈബിൾ പാരായണം നടത്തുവാൻ സാധിക്കും
- പൊതുജനത്തിനു ശല്യമാകാത്ത രീതിയിൽ പരസ്യമായ ബൈബിൾ പാരായണം പ്രോത്സാഹിപ്പിക്കുക.
- അഖണ്ഡ ബൈബിൾ പാരായണയജ്ഞങ്ങൾ സംഘടിപ്പിക്കുന്നത് നന്നായിരിക്കും.
- ഈ വർഷത്തെ ബൈബിൾ ഞായർ ഡിസംബർ 31ന് ആയിരിക്കും. അന്നേ ദിവസം ദേവാലയത്തിൽ വ്യത്യസ്ത ബൈബിൾ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.
- ഈ വർഷത്തെ അതിരൂപതാതല ബൈബിൾ പാരായണമാസ ആചരണം ഫൊറോനതലത്തിൽ നടത്തുന്നു. എല്ലാവരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

ഓരോ വിശ്വാസിയിലും ഓരോ കുടുംബത്തിലും ബൈബിളിനോടുള്ള അഭിവാഞ്ച വർദ്ധിപ്പിക്കുന്നതിനും ബൈബിൾ പാരായണ

ത്തിനുള്ള തീക്ഷണത വളർത്തുന്നതിനും ഈ ബൈബിൾ പാരായണ മാസം നമ്മെ സഹായിക്കട്ടെ.

**9. ഫൊറോനതല ബൈബിൾ ദിനാചരണവും അവാർഡു ദാനവും**

അതിരൂപത ബൈബിൾ മാസാചരണം 2018 ഡിസംബർ 1ന് ലൂർദ്ദ് മെത്രപ്പോലത്തൻ കത്തീഡ്രലിൽ വെച്ച് മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്യുന്നു. ഡിസംബർ 31ന് പറപ്പൂർ, സെ. ജോൺ നെപും സ്യാൻ ഫൊറോന ദൈവായത്തിൽ വെച്ച് സമാപനസമ്മേളനത്തോടെ അവസാനിക്കുന്നു. ബൈബിൾ ദിനാചരണത്തിനോടനുബന്ധിച്ച് അതതു ഫൊറോനയിലെ വെരിത്താസ് ക്വിസ് മത്സരവിജയികൾക്കുള്ള സമ്മാ നങ്ങളും വിതരണം ചെയ്യുന്നതായിരിക്കും.

| **പങ്കെടുക്കേണ്ട ദിവസം** | | **സമയം** | **ഫൊറോനകൾ സ്ഥലം** |
|---|---|---|---|
| 01 ശനി | 10.00am | ലൂർദ്ദ്, പട്ടിക്കാട് | ലൂർദ്ദ് കത്തീഡ്രൽ |
| 01 ശനി | 02.00pm | പാലയൂർ, മറ്റം | പാലയൂർ തീർത്ഥകേന്ദ്രം |
| 02 ഞായർ | 02.00pm | പഴുവിൽ | പഴുവിൽ ഫൊറോന |
| 02 ഞായർ | 04.00pm | ഒല്ലൂർ | ഒല്ലൂർ ഫൊറോന |
| 08 ശനി | 10.00am | ബസിലിക്ക, പുത്തൂർ | ഡോളേഴ്സ് ബസിലിക്ക |
| 08 ശനി | 03.00pm | പുതുക്കാട് | പുതുക്കാട് ഫൊറോന |
| 09 ഞായർ | 02.00pm | ചേലക്കര | ചേലക്കര ഫൊറോന |
| 09 ഞായർ | 04.30pm | വടക്കാഞ്ചേരി | വടക്കാഞ്ചേരി ഫൊറോന |
| 15 ശനി | 10.30am | എരുമപ്പെട്ടി | എരുമപ്പെട്ടി ഫൊറോന |
| 15 ശനി | 02.00pm | വേലൂർ | വേലൂർ ഫൊറോന |
| 16 ഞായർ | 03.00pm | കണ്ടശ്ശാംകടവ് | കാഞ്ഞാണി ദൈവാലയം |
| 30 ഞായർ | 02.00pm | കൊട്ടേക്കാട് | കുറ്റൂർ ദൈവാലയം |
| 30 ഞായർ | 04.00pm | പറപ്പൂർ | പറപ്പൂർ ഫൊറോന |

**10. തീർത്ഥാടനങ്ങൾ**

യൂറോപ്പ് തീർത്ഥാടനം 2019 മെയ് 1നും, വിശുദ്ധനാട് തീർത്ഥാ ടനം 2019 ഏപ്രിൽ 03, മെയ് 3, 6, 15, 20, 21 തിയ്യതികളിൽ പുറപ്പെടുന്നു.

**രോഗികളായിട്ടുള്ളവർക്ക് (വീൽചെയർ ഉൾപ്പെടെ) ഒരു സഹാ യിയെയും കൂട്ടി വിശുദ്ധനാട് തീർത്ഥാടനത്തിന് സൗകര്യമൊരുക്കു ന്നു. ഏപ്രിൽ 3നാണ് യാത്ര ആരംഭിക്കുന്നത്.**

പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ.

ഫോൺ: 0487-2320780, 7558937090, 8921266465

**ഫാ. ലിജോ ചിരിയങ്കണ്ടത്ത്**

ഡയറക്ടർ




1. **Excel Best Student Teacher Competition** എക്സൽ K-TET അക്കാദമിയുടെ നേതൃത്വത്തിൽ തൃശൂർ ജില്ലയിലെ B.Ed., T.T.C. കോളേജുകളിലെ വിദ്യാർത്ഥികൾക്കുവേണ്ടി, Excel Best Student Teacher മത്സരം സംഘടിപ്പിക്കുന്നു. 2018 ഡിസംബർ 12–ാം തിയതി ഉച്ചകഴിഞ്ഞ് 2 മണി മുതൽ 3 മണിവരെ, ബി.എഡ്., ടി.ടി.സി., കോളേജുകളിൽ വെച്ചായിരിക്കും ഈ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്. ഈ മത്സരപരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടി 2019 ജനുവരി 5ാം തിയതി, ടീച്ചിങ്ങ് പെർഫോമൻസ് ടെസ്റ്റും സംഘടിപ്പിക്കുന്നു. പ്രശസ്തവിജയം കരസ്ഥമാക്കുന്നവർക്ക് ക്യാഷ് അവാർഡുകളും K-TETപരിശീലനത്തിനുള്ള സ്കോളർഷിപ്പുകളും നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക് PH:- 9847276657, 8111842784, 9744941585

2. **Medicial/Engineering Entrance Free Crash Course** 2019 മെഡിക്കൽ/എഞ്ചിനീയറിംഗ് എൻട്രൻസ് പരീക്ഷക്ക് തയ്യാറെടുക്കുന്ന പ്ലസ് ടു വിദ്യാർത്ഥികൾക്കായി 2018 ഡിസംബർ 26, 27, 28 തിയതികളിൽ രാവിലെ 9.30 മുതൽ 4 മണിവരെ Free Crash Course, Excel Academy DBCLC ക്യാമ്പസിൽ സംഘടിപ്പിക്കുന്നു. ആദ്യം റജിസ്റ്റർ ചെയ്യുന്ന 100 പേർക്ക് മാത്രം പ്രവേശനം. റജിസ്ട്രേഷൻ ഫീസ് Rs. 50/-

   കൂടുതൽ വിവരങ്ങൾക്ക് PH:- 9207376699, 9744941585

3. **EXCEL IELTS - Free Master Class** തൃശൂർ ബിഷപ് ഹൗസ് DBCLC Excel IELTS കാമ്പസ്സിൽവെച്ച് Free Master Classകൾ സംഘടിപ്പിക്കുന്നു. എല്ലാ മാസത്തിലേയും രണ്ടാമത്തെ തിങ്കളാഴ്ച രാവിലെ 11 മണിമുതൽ 12 മണി വരെയും, മൂന്നാമത്തെ ശനിയാഴ്ച ഉച്ച കഴിഞ്ഞ് 2 മണി മുതൽ 3 മണിവരെയും Free Master Classകൾ ഉണ്ടായിരിക്കും. IELTS കോഴ്സിൽ പഠിച്ചുകൊണ്ടിരിക്കുന്നവർക്കും, പഠിക്കാൻ ഉദ്ദേശിക്കുന്നവർക്കും ഈ ക്ലാസുകൾ വളരെ ഉപകാരപ്രദമായിരിക്കും. ക്ലാസുകളിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ പേരുകൾ മുൻകൂട്ടി റജിസ്റ്റർ ചെയ്യേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് PH:- 9497800946, 9747051354

**4. Excel Academy Science Genius & Junior IAS പരീക്ഷകൾ**

തൃശൂർ ജില്ലയിലെ സ്റ്റേറ്റ്, സി.ബി.എസ്.ഇ. സിലബസിൽ ഉൾപ്പെടുന്ന സ്കൂളുകളിലെ ആറാം ക്ലാസുമുതൽ പ്ലസ് ടു വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്കുവേണ്ടി എക്സൽ ആക്കാദമി നവംബർ 8–ാം തിയതി സ്കൂൾ തലത്തിൽ നടത്തിയ പരീക്ഷയിൽ മൂവ്വായിരത്തോളം പേർ പങ്കെടുത്തു. നവംബർ 22–ാം തിയതി നടത്തിയ ജൂനിയർ ഐ.എ.എസ് പരീക്ഷയിൽ, തൃശൂർ ജില്ലയിലെ സ്കൂളുകളും, കേരളത്തിലെ മറ്റു ജില്ലകളിലെ സ്കൂളുകളും, തമിഴ്നാട്, ആന്ധ്ര, ഒറീസ്സ, ഡൽഹി എന്നീ സംസ്ഥാനങ്ങളിലെ വിദ്യാർത്ഥികളും പങ്കെടുത്തിരുന്നു. രണ്ടായിരത്തി അഞ്ഞൂറോളം പേർ പങ്കെടുത്ത ജൂനിയർ ഐ.എ.എസ് പരീക്ഷ, അടുത്ത വർഷം അഖിലേന്ത്യാ തലത്തിൽ സംഘടിപ്പിക്കാനാണ് തീരുമാനം.

**ഫാ. ഡേവീസ് തെക്കേക്കര**
ഡയറക്ടർ




# സി.എൽ.സി.

1. **മരിയോത്സവം 2018** : ഒക്ടോബർ 13 –ാം തിയ്യതി ദേവമാതാ സി.എം.ഐ. പബ്ലിക് സ്കൂളിൽ വച്ച് ഈ വർഷത്തെ മരിയോത്സവം സാഹിത്യമത്സരങ്ങൾ നടന്നു. അതിരൂപതയിലെ വിവിധ ഇടവകകളിൽ നിന്നുമായി നിരവധി പേർ മത്സരങ്ങളിൽ പങ്കെടുക്കുകയുണ്ടായി. സാഹിത്യമത്സരം കൺവീനർ ശ്രീ. ജെസ്വിൻ സാജു, പ്രസിഡന്റ് ശ്രീ. ജോമി ജോൺസൻ, ട്രഷറർ ശ്രീ. ഐജോ പൊറത്തൂർ, ബിജിൽ, എബിൻ, ആഷ്മി, നിയ, ബ്രില്ലോ, തുടങ്ങിയവർ മത്സരങ്ങൾക്ക് നേതൃത്വം നൽകി.
2. **മാർ ജോസഫ് കുണ്ടുകുളം പ്രസംഗ മത്സരം** : മാർ ജോസഫ് കുണ്ടുകുളം അഖില കേരളം പ്രസംഗ മത്സരം ദേവമാതാ സി. എം. ഐ. പബ്ലിക് സ്കൂളിൽ വച്ച് നടത്തി. ആമ്പക്കാട് ഇടവകാംഗമായ സ്റ്റെഫി അക്കര ഒന്നാം സ്ഥാനവും, കോട്ടപ്പടി ഇടവകാംഗമായ ഡാനി ലോറൻസ് രണ്ടാം സ്ഥാനവും, മരത്താക്കര ഇടവകാംഗമായ ഫെൽമോൻ സണ്ണി മൂന്നാം സ്ഥാനത്തിനും അർഹരായി.

3. **ഫോളോ അപ്പ്  ക്യാമ്പ്** : പുല്ലഴി ക്രിസ്റ്റീന ഹോമിൽ വച്ച് നടത്തിയ ഫോളോ അപ്പ് ക്യാമ്പിൽ ഏപ്രിൽ, മെയ് മാസങ്ങളിൽ നടത്തിയ ഫോർമേഷൻ ക്യാമ്പിൽ പങ്കെടുത്തവരിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 30 പേർ രണ്ടു ദിവസങ്ങളിലായി നടന്ന ക്യാമ്പിൽ പങ്കെടുത്തു .അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് ക്യാമ്പ് ഉദ്ഘാടനം ചെയ്തു. ക്രിസ്റ്റീന ഹോമിനോട് ചേർന്ന് കിടക്കുന്ന കോൾനിലങ്ങൾ വൃത്തിയാക്കി സി.എൽ.സി.ക്കാർ ശ്രമദാനം നടത്തുകയുണ്ടായി. അതിരൂപത സി. എൽ. സി. നടത്തിയ സോക്കർ കപ്പിൽ നിന്നും ലഭിച്ച ലാഭം, 10000 രൂപ,  അഭിവന്ദ്യ ടോണി പിതാവ്  ക്രിസ്റ്റീന ഹോം ഡയറക്ടർ ഫാ. ജോൺസൻ ചാലിശ്ശേരിക്ക് കൈമാറുകയുണ്ടായി.
4. **ഇരുപതാമത് മദർ തെരേസ ചിത്ര രചന മത്സരം** : അതിരൂപത സി.എൽ.സി.യുടെ നേതൃത്വത്തിൽ മദർ തെരേസ ചിത്ര രചന മത്സരം തുടർച്ചയായ ഇരുപതാമത് വർഷവും സംഘടിപ്പിച്ചു. നവംബർ 7നു തൃശൂർ തോപ്പ് ഇൻഡോർ സ്റ്റേഡിയത്തിൽ വച്ചാണ് മത്സരം സംഘടിപ്പിച്ചത്. കാത്തോലിക്കസഭ ഡയറക്ടർ ഫാ. ഫ്രാൻസിസ് കൂത്തൂർ മത്സരം ഉദ്ഘാടനം ചെയ്തു. 8 സ്കൂളിൽ നിന്നും 112 വിദ്യാർത്ഥികൾ പങ്കെടുത്തു. ഹോളി ഫാമിലി CGHS, ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചതിനുള്ള സമ്മാനത്തിന് അർഹരായി. ദേവമാത CMI പബ്ലിക് സ്കൂൾ കൂടുതൽ പോയിന്റ് നേടി ഗ്രൂപ്പ് വിന്നേഴ്സ് ആയി.
5. **ഫൊറോന സെനറ്റ് മീറ്റിങ്ങുകൾ :** 2/12/2018 ഉച്ചക്ക് 2.00 മണിമുതൽ  വൈകീട്ട് 5.00 മണി വരെ – വേലൂർ, എരുമപ്പെട്ടി, വടക്കാഞ്ചേരി ഫൊറോനകൾ (വേലൂർ ഫൊറോന പള്ളിയിൽ വച്ച് )
   9/12/2018 ഉച്ചക്ക് 2 .00 മണിമുതൽ വൈകീട്ട് 5.00 മണി വരെ– ലൂർദ്, കൊട്ടേക്കാട്, ബസിലിക്ക  ഫൊറോനകൾ (ലൂർദ്  ഫൊറോന പള്ളിയിൽ വച്ച് )
   16/12/2018 ഉച്ചക്ക് 2 .00 മണിമുതൽ വൈകീട്ട് 5.00 മണി വരെ – പാവറട്ടി, പാലയൂർ, മറ്റം, പറപ്പൂർ  ഫൊറോനകൾ (പാവറട്ടി  ഫൊറോന പള്ളിയിൽ വച്ച് )
   16/12/2018 ഉച്ചക്ക് 2 .00 മണിമുതൽ വൈകീട്ട് 5.00 മണി വരെ – പുതുക്കാട്, പുത്തൂർ, ഒല്ലൂർ ഫൊറോനകൾ (പുതുക്കാട് ഫൊറോന പള്ളിയിൽ വച്ച്)

**ഫാ. ജിയോ തെക്കിനിയത്ത്**
ഡയറക്ടർ

**ജെസ്വിൻ സാജു**
സെക്രട്ടറി

**ജോമി ജോൺസൻ**
പ്രസിഡണ്ട്




# ചിൽഡ്രൻസ് മിനിസ്ട്രി

1. **സാഹിത്യോത്സവ് - 2018** ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ തിരുബാലസംഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി. എന്നീ സംഘടനകളിലെ കുട്ടികൾക്കായി അതിരൂപതാ തലത്തിൽ സാഹിത്യമത്സരങ്ങൾ നവംബർ 10 ന് ഉച്ചക്ക് 1.30 മുതൽ വൈകിട്ട് 3.30 വരെയുള്ള സമയം ഡി. ബി. സി. എൽ. സി. യിൽ സംഘടിപ്പിച്ചു.
2. **അതിരൂപത സെയിന്റ്സ് ക്വിസ് :** തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കുവേണ്ടി ഫൊറോന തലത്തിൽ സെയിന്റ്സ് ക്വിസ്സിന് ഫസ്റ്റ് കിട്ടിയവർക്കായി അതിരൂപതാ തലത്തിൽ മത്സരം 2019 ജനുവരി 12 ശനിയാഴ്ച ഡി. ബി. സി. എൽ. സി. യിൽ വച്ച് ഉച്ചക്ക് 1.30 മുതൽ വൈകിട്ട് 4 മണിവരെ നടത്തുന്നു. കൂടുതൽ വിവരങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക: **Children's Ministry Archdiocese of Trichur: Office Time - 9.30am to 4.30pm. Ph. 0487/ 2325336, 9947582522**
3. **തിരുബാലസംഖ്യം, അൾത്താരസംഘം, ജൂനിയർ സി. എൽ. സി** തിരുബാലസംഖ്യ വാർഷിക റിപ്പോർട്ട്, മിഷൻ കളക്ഷൻ, ജൂനിയർ സി. എൽ. സി വാർഷിക റിപ്പോർട്ട്, അൾത്താരസംഘ വാർഷിക റിപ്പോർട്ട്, Prayer Friend Collection എന്നിവ ഡിസംബർ മാസാവസാനം ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ എത്തിക്കേണ്ടതാണ്.
4. **പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

   **തിരുവചനം:** സ്രഷ്ടാവായ അവിടുത്തെ സേവിക്കുന്ന സൃഷ്ടി അധർമ്മികളെ ശിക്ഷിക്കാൻ വെമ്പൽ കൊള്ളുകയും അങ്ങയിൽ പ്രത്യാശ വയ്ക്കുന്നവരോടു കരുണകാണിക്കുകയും ചെയ്യുന്നു. ജ്ഞാനം (16:24)

   **സുകൃതജപം:** കർത്താവേ മരണം വരെ വിശ്വസ്തനായിരിക്കാൻ എന്നെ സഹായിക്കണമേ.

**പ്രാർത്ഥനാ നിയോഗം:** കഴിഞ്ഞ വർഷം ദൈവം നൽകിയ അനുഗ്രഹ

ങ്ങൾക്ക് നന്ദി പറയുകയും പുതുവത്സരത്തിലേക്ക് പുതിയ തീരുമാനങ്ങൾ എടുത്ത് പ്രാവർത്തികമാക്കുവാൻ പരിശ്രമിക്കുക.

**പരിചയപ്പെടുന്ന വിശുദ്ധൻ:** വി. ലൂസി (ഡിസംബർ 13)

**പ്രവർത്തനം:** നോമ്പ്കാലത്ത് എല്ലാ ദിവസവും മുടങ്ങാതെ വി. ബലിയിൽ സജ്ജീവമായി പങ്കെടുക്കുക.

**സി. റെജി എസ്. എസ്. പി. സി**
കോഡിനേറ്റർ

**ഫാ. റോയ്സൻ കൊള്ളന്നൂർ**
ഡയറക്ടർ



## കെ.സി.എസ്.എൽ. തൃശ്ശൂർ അതിരൂപത

1. **വിമാനയാത്ര വിജയകരമായി സമാപിച്ചു.**
   കെ.സി.എസ.എൽ. തൃശൂർ അതിരൂപത വിദ്യാർത്ഥികൾക്കായി വർഷംതോറും സംഘടിപ്പിക്കാറുള്ള വിമാനയാത്ര നവംബർ 8 നായിരുന്നു. വിവിധ വിദ്യാലയങ്ങളിൽ നിന്നായി 45 വിദ്യാർത്ഥികൾ വിമാനയാത്രയിൽ സംബന്ധിച്ചു.
2. **കലാസാഹിത്യോത്സവ മത്സരഫലങ്ങൾ**
   കെ.സി.എസ്.എൽ. തൃശൂർ അതിരൂപതാ കലാസാഹിത്യോത്സവമത്സരഫലങ്ങളും സ്കൂളുകളുടെ പോയന്റ് നിലയും ബ്ലോഗിൽ ലഭ്യമാണ്. സാഹിത്യോത്സവ സമ്മാനങ്ങൾ വാർഷികസമ്മേളനത്തിൽ വിതരണം ചെയ്യും.
3. **ശതാബ്ദി ലോഗോ – ഗാന മത്സരഫലങ്ങൾ**
   അതിരൂപത ശതാബ്ദിയോടനുബന്ധിച്ച് സംഘടിപ്പിച്ച ശതാബ്ദി ലോഗോ–ഗാനമത്സരഫലങ്ങൾ ബ്ലോഗിൽ കൊടുത്തിട്ടുണ്ട്.
4. **കെ.സി.എസ്.എൽ. ശതാബ്ദി ഉദ്ഘാടനം – വാർഷിക സമ്മേളനം**
   കെ.സി.എസ്.എൽ. അതിരൂപതാ ശതാബ്ദി ഉദ്ഘാടനം ഈ അദ്ധ്യയനവർഷ–വാർഷിക സമ്മേളനവും 2019 ജനുവരിയിൽ നടക്കുന്നു. സമ്മേളനദിവസം പിന്നീട് അറിയിക്കുന്നതാണ്. പ്രളയദുരിതാശ്വാസ സഹായ വിതരണവും അതേ വേദിയിൽ വച്ച് നടക്കുന്നതാണ്. അർഹരായവരെ അറിയിക്കും. പ്രളയ ദുരിതാശ്വാസ ഫണ്ടിലേക്ക് സംഭാവനകൾ നൽകുന്നവർ വേഗം തന്നെ എത്തിക്കുമല്ലോ.

5. കെ.സി.എസ്.എൽ. സംസ്ഥാന കലാ സാഹിത്യോത്സവങ്ങൾ ഈ വർഷം ഉണ്ടായിരിക്കുന്നതല്ല. സംസ്ഥാന വാർഷികം 2019 ജനുവരി 12ന്.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ



## കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

1. **ഹോളി ഫയർ ഫെലോഷിപ്പ് –2018** : കരിസ്മാറ്റിക് പ്രാർത്ഥനാഗ്രൂപ്പുകളുടെ ശക്തീകരണത്തിനുവേണ്ടി പ്രാർത്ഥനാഗ്രൂപ്പ് വർഷമായി ആചരിക്കുന്ന ഈ കാലഘട്ടത്തിൽ നേതൃനിരയ്ക്കുവേണ്ടി ഒരുക്കിയ ഈ കാലഘട്ടത്തിൽ നേതൃനിരയ്ക്കുവേണ്ടി ഒരുക്കിയ ഫയർ ഫെലോഷിപ്പ് പരമ്പരയിലെ സമാപന കൂട്ടായ്മയായ ഹോളി ഫയർ ഫെലോഷിപ്പ് 2018 ഡിസംബർ 15 ശനിയാഴ്ച രാവിലെ 9.30 മുതൽ വൈകീട്ട് 4 വരെ ചേറൂർ ആബാ റിന്യൂവൽ സെന്ററിൽ നടക്കുന്നു. കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷൻ ചെയർമാർ ബിഷപ് സാമുവൽ മാർ ഐറീനിയോസ് (പത്തനംതിട്ട രൂപത സഹായമെത്രാൻ) മുഖ്യ പ്രഭാഷണം നടത്തുന്നതാണ്. അതിരൂപതയിലെ മുഴുവൻ പ്രാർത്ഥനാഗ്രൂപ്പ് ലീഡേഴ്സ്, സെക്രട്ടറിമാർ, ട്രഷറർമാർ എന്നിവരും ഫൊറോന തല സർവീസ് ടീം അംഗങ്ങൾ, മിനിസ്ട്രികളുടെ സർവീസ് ടീം അംഗങ്ങൾ എന്നിവർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. വി. കുർബാന, ദിവ്യകാരുണ്യാരാധന, അഭിഷേകപ്രാർത്ഥന, ജപമാല, സ്തുതി ആരാധന എന്നിവ ഉണ്ടായിരിക്കും.

2 **സബ് റീജിയൻ സന്ദർശനം :** കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ ബിഷപ് സാമുവൽ മാർ ഐറിനിയോസിന്റെ സബ്റീജിയൻ (തൃശ്ശൂർ, പാലക്കാട്, ഇരിങ്ങാലക്കുട രൂപതകൾ ഉൾപ്പെടുന്ന) സന്ദർശനം നവംബർ 7 ബുധനാഴ്ച ആബാ റിന്യൂവൽ സെന്ററിൽ നടന്നു. മൂന്നു രൂപതകളിലെയും നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഇരുന്നൂറോളം പേർ പങ്കെടുക്കുന്ന കൂട്ടായ്മയുടെ ഉദ്ഘാടനം മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവഹിച്ചു. വിവേകമുള്ള ശുശ്രൂഷകരായി കരിസ്മാറ്റിക് രംഗത്ത് പ്രവർത്തിക്കുന്നവർ മാറണമെന്നും സഭയുടെ അധികാരികൾക്ക് വിധേയപ്പെട്ടാകണം ശുശ്രൂഷകൾ ക്രമീകരിക്കേണ്ടതെന്നും പിതാവ് ഓർമ്മിപ്പിച്ചു. സഭ നേരിടുന്ന വെല്ലുവിളികളെ നേരിടാൻ വിശുദ്ധിയോടെ ജീവിക്കേണ്ടതിന്റെ ആവശ്യകതകളും പ്രാർത്ഥനയുടെ സവിശേഷമായ പ്രധാന്യവും കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ സാമു

വൽ മാർ ഐറിനിയോസ് പിതാവ് ഊന്നി പറഞ്ഞു. കരിസ്മാറ്റിക നവീകരണം കേരള സർവീസ് ടീം ചെയർമാൻ റവ.ഫാ. വർഗീസ് മുണ്ടയ്ക്കൽ, പാലക്കാട് രൂപത കരിസ്മാറ്റിക് ഡയറക്ടർ റവ. ഫാ.ഡൊമനിക് ഐപ്പംപറമ്പിൽ, തൃശ്ശൂർ അതിരൂപത ഡയറക്ടർ റവ.ഫാ. സജീവ് ഇമ്മട്ടി എന്നിവർ സന്ദേശങ്ങൾ നൽകി.

**ഫാ. സജീവ് ഇമ്മട്ടി**
ഡയറക്ടർ

**സാബു എം.വർഗ്ഗീസ്**
കോർഡിനേറ്റർ



## കാത്തലിക് നേഴ്സസ് ഗിൽഡ്

കാത്തലിക് നേഴ്സസ് ഗിൽഡിന്റെ അതിരൂപതാ ജനറൽ ബോഡി മീറ്റിങ്ങ് ഓക്ടോബർ 27-ന് അമല മെഡിക്കൽ കോളേജ് ഹോസ്പിറ്റലിൽ വെച്ച് വൈകീട്ട് രണ്ട് മണിക്ക് നടന്നു. 40 പേർ പങ്കെടുത്ത മീറ്റിങ്ങിൽ സി.എൻ.ജിഎ.ടി. പ്രസിഡന്റ് റവ. സി. ദെപ്പാസി സി.എസ്.സി. സ്വാഗതം ആശംസിച്ചു. അമല സി.എൻ.ജി.എ.ടി. യൂണിറ്റ് അഡ് വൈസർ റവ. ഫാ. ജെയ്സൺ മുണ്ടൻ മാണി സി.എം.ഐ. അദ്ധ്യക്ഷതവഹിക്കുകയും സന്ദേശം നൽകുകയും ചെയ്തു. തുടർന്ന് നവംബർ 25-ന് നടക്കുന്ന നൈറ്റിംഗേൽസ് മീറ്റിന്റെ കമ്മിറ്റി തിരഞ്ഞെടുപ്പ് നടന്നു. ഓരോ ഹോസ്പിറ്റലുകളും അവതരിപ്പിക്കുന്ന പ്രോഗ്രാമുകൾ തീരുമാനിക്കുകയും, നേഴ്സിങ്ങ് സ്കൂൾ, കോളേജ് എന്നിവിടങ്ങളിലെ പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠന സഹായ സ്കോളർഷിപ്പ് നൽകാൻ ജനറൽ ബോഡിയിൽ തീരുമാനമുണ്ടായി. ഈ അധ്യയന വർഷത്തിൽ ഒന്നാം സ്ഥാനത്തിന് അർഹരായ കുട്ടികളുടെ പേരും, ആതുരശുശ്രൂഷയിൽ 50 വർഷം പൂർത്തിയാക്കിയവരുടെ പേരും നൽകാൻ ഓർമിപ്പിച്ചു. നവംബർ 12-ന് മരണമടഞ്ഞ സി.എൻ.ജി.എ.ടി. ഡയറക്ടർ റവ ഫാ. പോൾ കള്ളിക്കാടന്റെ വത്സല പിതാവിന്റെ നിര്യാണത്തിൽ സി.എൻ.ജി.എ.ടി. അംഗങ്ങൾ അനുശോചനം രേഖപ്പെടുത്തുകയും പ്രാർത്ഥിക്കുകയും ചെയ്തു.

**ഫാ. പോൾ കള്ളിക്കാടൻ,** ഡയറക്ടർ

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)



തൃശൂർ അതിരൂപത ഫ്രാൻസിസ്ക്കൻ അൽമായ സഭയുടെ മീറ്റിംഗ് 04.11.218 ഞായറാഴ്ച വടക്കാഞ്ചേരി ARC യിൽ വെച്ച് ഉച്ചകഴിഞ്ഞ് 3 മണിക്ക് പ്രസിഡന്റ് സണ്ണിവടക്കന്റെ അദ്ധ്യക്ഷതയിൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. ഡയറക്ടർ ഫാ. ഷിന്റോ ഞർളേലി മുഖ്യപ്രഭാഷണം നടത്തി. സെക്രട്ടറി പി.ഐ. സൈമൺ റിപ്പോർട്ട് അവതരിപ്പിച്ചു. അതിതൂപതയിൽ പുതിയതായി 10 യൂണിറ്റുകൾ തുടങ്ങിയ വിവരം പ്രസിഡന്റ് യോഗത്തിൽ അറിയിച്ചു. വടക്കാഞ്ചേരി റീജിയണിൽ 4, പാലയൂർ റീജിയണിൽ 3 മറ്റ് റീജിയണുകളിൽ ഓരോന്നു വീതം. യോഗത്തിൽ ഫാ.ജോസ് പുല്ലോക്കാരൻ, ഫാ. ദിൽ കോനിക്കര, സിസ്റ്റർ ഫ്ളവർലിറ്റ്, സിസ്റ്റർ ലിറ്റി തെരേസ, സിസ്റ്റർ നിത്യ റോസ്, സെലീന ജോൺ, ജോസ്പീറ്റർ, കെ.ജി. ജേക്കബ്ബ്, വി.എൽ.സൈമൺ, ടി.കെ ഡേവീസ് എന്നിവർ പങ്കെടുത്തു. വടക്കാഞ്ചേരി റീജിയൺ ഫ്രാൻസിസ്കൻ അസ്സീസിയുടെ തിരുനാൾ വേലൂർ ഫൊറോന പളളിയിൽ വെച്ച് വിപുലമായ തോതിൽ ആഘോഷിച്ചു. 260 അംഗങ്ങൾ പങ്കെടുത്തു. കുട്ടികളുടേയും മുതിർന്നവരുടേയും കലാപരിപാടികൾ ഉണ്ടായിരുന്നു.

**റവ. ഫാ. ഷിന്റോ ഞർളേലി OFM. Cap.**
ഡയറക്ടർ

**സണ്ണി വടക്കൻ**
പ്രസിഡന്റ്




## മദ്യവിരുദ്ധ സമിതി

**1. ഇരുപത്തി ഒന്നാം വാർഷികം**

കേരള സംസ്കാരത്തിൽനിന്ന് ലഹരിയെ തൂത്തെറിയാൻ നടത്തുന്ന നിരന്തര പ്രവർത്തനങ്ങളുടെ ഭാഗമായി 2018 ഒക്ടോബർ 2ന് ഗാന്ധി

ജയന്തിദിനത്തിൽ സമിതി അതിന്റെ 21–ാം വാർഷികം ആഘോഷിച്ചു. ബസിലിക്ക റെക്റ്റർ വെരി റവ. ഫാദർ ജോർജ് എടക്കളത്തൂർ പതാക ഉയർത്തി. കാലത്ത് 9.30ന് തൃശൂർ പുത്തൻ പള്ളി ബസ്സലിക്ക ഹാളിൽ അതിരൂപതാ മെത്രാപോലിത്താ മാർ ആൻഡ്രൂസ് താഴത്ത് പരിപാടി ഉദ്ഘാടനം ചെയ്തു. അതിരൂപതാ പ്രസിഡണ്ട് എം.കെ. ബാബുവിന്റെ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ Human Rights Organization State President സൈദ് മുഹമ്മദ് മുഖ്യപ്രഭാഷണം നടത്തി. 600 ഓളം പ്രവർത്തകർ പങ്കെടുത്ത വാർഷികാഘോഷങ്ങൾക്ക് സ്നേഹവിരുന്നോടെ ഉച്ചയ്ക്ക് 1.30 ന് സമാപനമായി.

**2. വനിത സംഗമം**

പവിത്രമായ കുടുംബ ബന്ധങ്ങളെ ശിഥിലമാക്കിക്കൊണ്ട് സമൂഹത്തിൽ ഉഗ്രതാണ്ഡവമാടുന്ന ലഹരിവസ്തുക്കൾക്കെതിരെ പടപൊരുതാൻ നമ്മെ സുസജ്ജമാക്കുന്നതിന് ഒരു വനിത സംഗമം അതിരൂപത മദ്യവിരുദ്ധസമിതി 2018 സെപ്റ്റംബർ 21 ഞായർ 2.00 PM മുതൽ 4.00 PM വരെ പുത്തൂർ ഫൊറോന പള്ളിയിൽ സംഘടിപ്പിച്ചു. എഫ്.സി.സി. പ്രൊവിൻഷ്യാൾ വെരി റവ. സിസ്റ്റർ അനിത റോസ് ഉദ്ഘാടനം ചെയ്തു. മദ്യനിരോധന സമിതി വനിതാവിഭാഗം സംസ്ഥാന പ്രസിഡണ്ട് പ്രൊഫ. ചിന്നമ്മയാണ് ഉദ്ഘാടനം ചെയ്തു. ഫൊറോന വികാരി ബഹു. ഫ്രാൻസീസ് തലക്കോട്ടൂർ അച്ചൻ വചന സന്ദേശം നൽകി. ഫാ. ജോൺ കിടങ്ങൻ, പ്രസിഡണ്ട് എം.കെ. ബാബു, സെക്രട്ടറി റപ്പായി മേച്ചേരി, ട്രഷറർ ജോസ് വേലൂക്കാരൻ, കൺവീനർ റീത്ത ഡേവിസ്, സി.പി. ഡേവിസ് തുടങ്ങിവരാണ് നേതൃത്വം കൊടുത്തത്.

**3. ശ്രാദ്ധാഞ്ജലിയും വി. ബലിയർപ്പണവും**

മദ്യവിരുദ്ധ സമിതിയുടെ മുൻ ജോയ്ന്റ് സെക്രട്ടറിയായ ജയ്സിയുടെ ഭർത്താവ്– അരിമ്പൂർ വാറുണ്ണി ഫ്രാൻസീസ്– സെപ്തംബർ 28 ന് മരിച്ചു. ഇദ്ദേഹത്തിന്റെയും നിത്യശാന്തിക്കായി ചെവ്വൂർ പള്ളിയിൽ 7–11–2018 ബുധനാഴ്ച കാലത്ത് 10.30ന് ഡയറക്ടറച്ചൻ വിശുദ്ധ ബലിയർപ്പിച്ചു. കുടുംബാംഗങ്ങളും മദ്യവിരുദ്ധ പ്രവർത്തകരുമായ 400 ഓളം പേർ പങ്കെടുക്കുകയുണ്ടായി.

**ഹിറ്റ്ലസ് ചാക്കുണ്ണി**
പി.ആർ.ഒ

**ഫാ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ



# അതിരൂപത ഗായകസംഘം

**Angelic Carol 2018 :**

ലോകനാഥനായി അവതരിച്ച ഉണ്ണിയേശുവിന്റെ തിരുജനനം അനുസ്മരിപ്പിച്ച് ക്രിസ്തുമസ്സ് രാവ് അണയുകയായി. ലോകത്തിലെ നന്മ നിറഞ്ഞ മനസ്സുകൾക്കെല്ലാം സമാധാനം ആശംസിച്ചുകൊണ്ട് മാലാഖമാരോടു ചേർന്ന് ഗ്ലോറിയ പാടാൻ തൃശ്ശൂർ അതിരൂപത ഗായകസംഘം നിങ്ങളെ ക്ഷണിക്കുന്നു.

**സ്ഥലം : തൃശ്ശൂർ ടൗൺ ഹാൾ**

**തീയതി : 08.12.2018, വൈകിട്ട് 5.00 മണിക്ക്**

**ടോമി പന്ത്രണ്ടേൽ**
പ്രസിഡന്റ്

**ഫാ. പോൾ പുളിക്കൻ**
ഡയറക്ടർ




**ഇടവക പി.ആർ.ഒ. മാരുടെ ഫൊറോനതല സംഗമങ്ങൾ :**

ഇടവകകളിൽ പി.ആർ.ഒ.മാരെ ശക്തിപ്പെടുത്തുകയും പരിശീലിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ഒക്ടോബർ 7ന് ഫൊറോനതല ഇടവക പി.ആർ.ഒ. സംഗമങ്ങൾ തൃശ്ശൂർ ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽ മോൺ. ജോർജ്ജ് കോമ്പാറ ഉദ്ഘാടനം ചെയ്തു. അതിരുവിടുന്ന അധാർമ്മിക വിചാരണക്കെതിരെ പ്രതികരിക്കുകയും പ്രബുദ്ധരാകുകയും കരുതിയിരിക്കുകയും ചെയ്യണമെന്ന് അദ്ദേഹം ഇടവക പി.ആർ. ഒ.മാരോട് ആഹ്വാനം ചെയ്തു.

ലൂർദ്ദ് ഫൊറോന വികാരി പെ. ബഹു. ജോസ് ചാലക്കൽ അധ്യക്ഷത വഹിച്ചു.

2018 ഒക്ടോബർ 14ന് ഡോളേഴ്സ് ബസിലിക്കയിൽ നടന്ന സംഗമം റെക്ടർ പെ. ബഹു. ഫാ. ജോർജ്ജ് എടക്കുളത്തൂരും, പുതുക്കാട് ഫൊറോന സംഗമം ഒക്ടോബർ 21ന് ഫൊറോന വികാരി പെ. ബഹു. ഫാ. പോൾസൺ പാലത്തിങ്കലും, വടക്കാഞ്ചേരി – ചേലക്കര ഫൊറോനകളും സംഗമം നവംബർ 4ന് വടക്കാഞ്ചേരി ഫൊറോന വികാരി പെ. ബഹു. ഫാ. ഫ്രാൻസിസ് തരകനും, മറ്റം–പാലയൂർ–പറപ്പൂർ ഫൊറോനകളുടെ സംഗമം പാവറട്ടി ബഹു. വികാരി. ജോസഫ് പൂവ്വത്തൂക്കാരനും ഉദ്ഘാടനം ചെയ്തു.

സംഗമങ്ങളിൽ നവമാധ്യമ വിചാരണകളുടെ നിഗൂഢതകളെ കുറിച്ചും ഇടവക പി.ആർ.ഒ. മാരുടെ ദൗത്യങ്ങളെ കുറിച്ചുമുള്ള ക്ലാസ്സുകൾ മംഗളം തൃശ്ശൂർ ബ്യൂറോ ചീഫ് ശ്രീ. ജോയ് എം. മണ്ണൂർ, അതിരൂപതാ ഡയറക്ടർ ഫാ. നൈസൻ ഏലന്താനത്ത്, ശ്രീ. ടോജോ മാത്യു എന്നിവർ നയിച്ചു. സംഗമങ്ങൾക്ക് ശ്രീ. ജോർജ്ജ് ചിറമ്മൽ, ശ്രീ. ബാബു ചിറ്റിലപ്പിള്ളി, ശ്രീ. സിന്റോ മാത്യു എന്നിവർ നേതൃത്വം നൽകി.

**ഇടവക പി.ആർ.ഒ. ഫൊറോന കൺവീനർമാർ:**

| | | |
|---|---|---|
| 1. ലൂർദ്ദ് | – | സി. ആർ. ആന്റോ (ലൂർദ്ദ്) |
| 2. ബസിലിക്ക | – | ജോളി ജോൺ (കുരിയച്ചിറ) |
| 3. പുതുക്കാട് | – | ബിനോയ് കെ. വി. (പള്ളിക്കുന്ന്) |
| 4. വടക്കാഞ്ചേരി | – | ദേവസ്സി ചെമ്മണ്ണൂർ (തിരൂർ) |
| 5. ചേലക്കര | – | ആന്റണി എം. ജെ. (പങ്ങാരപ്പിള്ളി) |
| 6. പറപ്പൂർ | – | സിന്റോ കുണ്ടുകുളം (പറപ്പൂർ) |
| 7. പാലയൂർ | – | ജോബി ഡേവിസ് (പാവറട്ടി) |
| 8. മറ്റം | – | തോമസ് എ. പി. (എളവള്ളി) |

**പാരിഷ് ബുള്ളറ്റിനുകൾ :**

2017ലെ പാരിഷ് ബുള്ളറ്റിൻ മത്സരങ്ങൾക്കായി സമർപ്പിച്ചിരുന്ന ബുള്ളറ്റിനുകൾ ആർച്ച്ബിഷപ്സ് ഹൗസിലെ റിസപ്ഷനിൽ നിന്നു 2018 ഡിസംബർ 31നു മുമ്പ് ബന്ധപ്പെട്ടവർ തിരികെ വാങ്ങേണ്ടതാണ്.

**ഫാ. നൈസൻ ഏലന്താനത്ത്**
ഡയറക്ടർ



2018 നവംബർ 4ന് കെ.സി.വൈ.എം. ന്റെ നേതൃത്വത്തിൽ
ഡി.ബി.സി.എൽ.സി.യിൽ നടന്ന **അതിരൂപത യുവജനസംഗമം**



Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.11.2018
December-2018

ഡിസംബർ 13





2018

# അഭിവന്ദ്യ പിതാക്കന്മാർക്ക്
# ജന്മദിനാശംസകൾ

Edited, Printed & Published by Dr. Francis Aloor, Catholic Archbishop's House, Thrissur, Kerala, India- 680 005
*Printed at* : St. Mary's Orphanage Press, Madona Nagar, Kachery -680 005